# ഭാഷ സാഹിത്യം സംസ്കാരം

## പരിവർത്തനത്തിന്റെ പാഠരൂപങ്ങൾ



സമാഹരണം:
**മലയാളവിഭാഗം**
**മഹാറാണി സേതുപാർവതീഭായി**
**എൻ.എസ്.എസ്. വനിതാ കോളേജ്, നീറമൺകര**

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

*Malayalam*
**BHASHA SAHITHYAM SAMSKARAM PARIVARTHANATHINTE PADAROOPANGAL**
*(Essays)*

General Editer
**Dr. C.R. Anitha**
HHMSPB NSS College for women, Neeramankara

Edited by
**Dr. Vandana B**
**Dr. Resmi G**

Compiled by
**Department of Malayalam**
**HHMSPB NSS College for women, Neeramankara**

Published by

**pen*to*graph®**
**Publications India**
GRA 701, Gowreesapattom
Thiruvananthapuram, Kerala - 695004
✆ +919446419362
e-mail : pentobooks@gmail.com
website : www.pentobooks.com

Cover &
Design : S. Sreekumar
Typeset : Beyond Publishers, Tvpm-35
First published 2021
PP1-0095
**ISBN : 978-81-952476-4-6**
© Rights reserved

*Printed in India* ₹ 220

All rights are reserved. No part of this publication may be reproduced or transmitted in any form or by any means, electronic or mechanical, including photocopying, recording or by any information storage and retrieval system without prior written permission and consent from the publisher.

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

# ഭാഷ സാഹിത്യം സംസ്കാരം
## പരിവർത്തനത്തിന്റെ പാഠരൂപങ്ങൾ

മുഖ്യസമ്പാദക

**ഡോ. സി ആർ അനിത**

സമ്പാദകർ

**ഡോ. വന്ദന ബി**

**ഡോ. രശ്മി ജി**

സമാഹരണം

**മലയാളവിഭാഗം**

**മഹാറാണി സേതുപാർവ്വതീഭായി എൻ.എസ്.എസ്.**

**വനിതാ കോളേജ്, നീറമൺകര**

pentograph®
Publications India

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

# ഉള്ളടക്കം


സാമൂഹിക ഭാഷാശാസ്ത്രം:
സിദ്ധാന്തവും പ്രയോഗവും
*ഡോ. സി ആർ അനിത* 15

പെണ്ണരങ്ങ് - ചരിത്രവും വർത്തമാനവും
*ഡോ. റീജാ രവീന്ദ്രൻ* 27

കുറിഞ്ഞിപൂക്കുന്ന
പി കുഞ്ഞിരാമൻനായർ കവിതകൾ
*ഡോ. ഐ ഷീജ* 44

ഓണത്തിന്റെ സംസ്കാരപ്പലമകൾ
*ഡോ. വന്ദന ബി* 55

ഭാഷയും സ്വത്വബോധവും
കലാവിഷ്കാരത്തിൽ
*ശ്രീമതി ലക്ഷ്മി ദാസ്* 78

ആധുനികാനന്തര മലയാള ചെറുകഥയുടെ
ഭാവുകത്വ പരിണാമം
*ശ്രീമതി ലത.പി* 86

വീണപൂവിലെ രസദർശനവിസ്മയം
*ശ്രീ. ജി ആനന്ദരാജ്* 100

ആത്മകഥയിലെ
സാംസ്കാരിക പ്രതിഫലനം
*ഡോ. അശ്വതി ആർ പി നായർ* 130

പെൺഭാഷ: പ്രതിസന്ധികളും
പ്രതിരോധങ്ങളും
*ഡോ. രശ്മി ജി* 140

വളരുന്ന മലയാളവും -
മാറുന്ന മലയാളിയും
*ശ്രീമതി ദീപ ജി പി* 148



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

# വീണപൂവിലെ രസദർശനവിസ്മയം

## ശ്രീ. ജി ആനന്ദരാജ്

വിജ്ഞാനപദ്ധതിയുടെ പിതാവായി മാന്യത നേടിയ ഫ്രാൻസിസ് ബേക്കൺ 'അറിവാണ് അധികാരം' എന്നു പറഞ്ഞു. പുസ്തകങ്ങളുടെ ഉള്ളടക്കത്തിന്റെ ഗുണനിലവാരവും മൂല്യവും വിവേചിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞ ഈ വാക്കുകൾ നമ്മുടെ മിക്ക ഗ്രന്ഥപ്പുരകളുടെയും ഭിത്തികളിൽ തെളിഞ്ഞു കാണാം: "ചില പുസ്തകങ്ങൾ രുചിക്കണം, മറ്റുള്ളവ വിഴുങ്ങണം; ചുരുക്കം ചിലതു ചവച്ചു കഴിക്കണം, ദഹിപ്പിക്കണം. അതായത്, ചില പുസ്തകങ്ങൾ അങ്ങിങ്ങു വായിച്ചാൽ മതിയാകും; മറ്റുള്ളവ വായിക്കണം, പക്ഷേ സൂക്ഷ്മത വേണ്ട. ചുരുക്കം ചിലതു മുഴുവൻ വായിക്കണം, കരുതലോടും ശ്രദ്ധയോടും കൂടി."

മഹാകവി കുമാരനാശാന്റെ ആദ്യകാവ്യമായ വീണപൂവ് (1907) മേൽപ്പറഞ്ഞ മൂന്നിൽ മൂന്നാമത്തേതാണെന്ന കാര്യത്തിൽ പക്ഷാന്തരമുണ്ടാവില്ല. എങ്കിൽ മാത്രമേ, 'മലയാളസാഹിത്യത്തിലെ നിത്യസ്മൃതികളിലൊന്ന്' (സുകുമാർ അഴീക്കോട്, 2002) എന്ന പുകൾ ന്യായമാവൂ. എന്നിട്ടും അതിൽ കുമാരപ്രതിഭയുടെ അർധവികാസമോ അവികാസമോ കാണുന്നു പല നിരൂപകരും. അവർ പൂർണകൃതിയായി കാണുന്ന നളിനി (1911) വീണപൂവിനു ശേഷം മൂന്നുനാലു വർഷത്തിനകം തന്നെ പുറത്തു വന്നതാണ്. ഒരു മൂന്നു വർഷം കൊണ്ട് കവിപ്രതിഭ സ്ഫുടതരമാകാം. എന്നാൽ, അവികസിതമോ അർധവികസിതമോ ആയത് ഝടിതി പൂർണഭാവം നേടും എന്നു കരുതാനാവുന്നില്ല. അമ്പത്തിയൊന്നാം വയസ്സിൽ മൃതിയടഞ്ഞ കവി മുപ്പത്തിയഞ്ചാം വയസ്സിലെഴുതിയതാണ് വീണപൂവ്. ശേഷം പതിനഞ്ചു വർഷം മാത്രം നീണ്ട ആ കാവ്യസപര്യ നിരീക്ഷിച്ചാലറിയാം വീണപൂവിന്റെ ഉണർവുകളാണു 'വനമാല' (1925) കോർക്കും വരെ തുടർന്നെത്തുന്നതെന്ന്.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

നീറമൺകര എൻഎസ്എസ് കോളേജ് മലയാളവിഭാഗത്തിന്റെ ലേഖനസമാഹാരസംരംഭത്തിന്നായി ഈ ശിശിരാരംഭത്തിൽ ഒരു ലേഖനമെഴുതണമെന്നു വന്നപ്പോൾ അധികം ആലോചിക്കാതെ തന്നെ മനസ്സിലെത്തിയത് മഹാകവി കുമാരനാശാന്റെ വീണപൂവാണ്. 1907 ഡിസംബറിലാണ് വീണപൂവ് മിതവാദിപത്രത്തിലൂടെ ആദ്യമായി വെളിച്ചം കണ്ടത്. ഇതു വീണപൂവിന്റെ ജൈത്രയാത്രയുടെ 112-ാം വർഷമാണ്. 2007-ൽ കേരളം വീണപൂവിന്റെ ശതാബ്ദി സമുചിതമായി ആഘോഷിച്ചു. 2017 ഡിസംബറിൽ ഐസിപിആറിന്റെ അന്തർദേശീയസെമിനാറിൽ വീണപൂവിന്റെ ദർശനം വൈദികമാണ് എന്നു സ്ഥാപിക്കുന്ന പ്രബന്ധം ഈ ലേഖകന് അവതരിപ്പിക്കാനായി. തുടർന്ന്, ആ ഡിസംബറിൽതന്നെ കാലടി സംസ്കൃതസർവകലാശാലയിൽ 'സാഹിത്യദർശനവും സംസ്കൃതത്തിലെ ആധുനികകൃതികളും' എന്ന യുജിസി സെമിനാറിൽ 'വീണപൂവ് ഒരു സാഹിത്യാദ്ഭുതം' എന്ന ശീർഷകമുള്ള മുഖ്യപ്രബന്ധത്തിലൂടെ വീണപൂവിന്റെ രസം നിർവേദസ്ഥായിയായ ശാന്തമാണ്' എന്നും സ്ഥാപിക്കുകയുണ്ടായി.

ഇന്നിപ്പോൾ വീണ്ടുമൊരു ഡിസംബറിൽ വീണപൂവിനെപ്പറ്റി ചിലതു പറയാനും എഴുതിയറിയിക്കാനും അവസരമൊരുങ്ങിയത് വലിയ ആശ്ചര്യം നല്കുന്നു. ആ രണ്ടു പഠനങ്ങളെയും സമാഹരിക്കുന്ന ഈ ലേഖനം ആശാൻപ്രതിഭയുടെ സംസ്കൃതപ്രാവീണ്യമാണ് വീണപൂവിന്റെ ചാരുതാതിശയത്തിനു നിമിത്തമായത് എന്നു കൂടി സമർഥിക്കുവാനുദ്ദേശിക്കുന്നു.

വീണപൂവിനു സംസ്കൃതത്തിൽ ഒന്നിലധികം പരിഭാഷകളുണ്ടായി. കൈരളിക്ക് ഒട്ടേറെ പുതുമ പകർന്ന ഈ കൃതിയുടെ രചയിതാവ് ഒരു സംസ്കൃതജ്ഞനാണ്. സംസ്കൃതം മലയാളത്തിൽ നിന്നും ബലാൽ പുറത്താക്കപ്പെട്ടു വരുന്ന കാലത്ത് മലയാളത്തിന്റെ ദിശ നിർണയിച്ച കൃതിക്ക് സംസ്കൃതജ്ഞാനം ആധാരമാക്കിയുള്ള ഒരു പഠനം അസ്മാദൃശരുടെ കർതവ്യം കൂടിയാണല്ലോ.

## വീണപൂവും മണ്ഡലകാലവും

കേരളത്തിനിതു വ്രതങ്ങളുടെ മണ്ഡലകാലമാണ്. വൃത്താകാരമാണു മണ്ഡലം. ജ്യോതിശ്ശാസ്ത്രമനുസരിച്ച് ഒരു മണ്ഡലം പന്ത്രണ്ടു രാശികളെ[2] അഥവാ പന്ത്രണ്ടു മാസങ്ങളെ ഉൾക്കൊള്ളുന്നു.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

അപ്പോൾ സംവത്സരമാണു മണ്ഡലം. 365.25 ദിനങ്ങളാണല്ലോ സംവത്സരം. എന്നാൽ, നാൽപ്പത്തിയൊന്നാണു മണ്ഡലസംഖ്യ. എന്താണിതിലെ യുക്തി? 365-ന്റെ ഒമ്പതിലൊന്നാണ് 41. 'നവാംശകം (1/9) കാലാത്മാവാണ്' എന്ന ജ്യോതിഷനിയമമനുസരിച്ച് പഴയ ഒമ്പതാം മാസമായ നവംബർ പകുതി തൊട്ട് ഹേമന്തശിശിരങ്ങളുടെ 41 ദിവസങ്ങളെ പ്രതീകാത്മകമായി എടുത്താണ് മണ്ഡലകാലം വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. 41 ദിവസം കൊണ്ട് ജ്യോതിശ്ചക്രപരിധിയിൽ സൂര്യൻ നാല്പതു ഡിഗ്രി നീങ്ങും. 360 ഡിഗ്രിയുടെ നവാംശകമാണ് 40 ഡിഗ്രി.

വീണപൂവിനെപ്പറ്റി പറഞ്ഞു തുടങ്ങിയിട്ട് ഇതൊക്കെ എന്തിന് എന്നു ശങ്ക വേണ്ട. വീണപൂവിന്റെ ഋതു ശിശിരമാണ്. ശിശിരത്തിൽ വെളിച്ചം കണ്ട വീണപൂവെന്ന കൃതി 'വസന്ത'തിലക വൃത്തത്തിലായിരുന്നു വാർന്നത്, അതും 41 ശ്ലോകങ്ങളിൽ. 41ന്റെ മണ്ഡലം കാലാത്മാവാകുമ്പോലെ വീണപൂവിലെ 41 വസന്ത തിലകങ്ങൾ മഹാകവിയുടെ സമ്പൂർണകാവ്യവൃത്തത്തിന്റെ നവാംശകമായിരുന്നു. കാവ്യപാരമ്പര്യത്തിനാവട്ടെ അതു ശിശിരാന്തത്തിലെ വസന്തോദയമായി. ഇവ്വിധം വൃത്തസ്വീകാരം തുടങ്ങിയുള്ള പ്രാഥമികരൂപസംവിധാനത്തിൽനിന്നു തന്നെ മനസ്സിലാക്കാം കവി പാരമ്പര്യത്തെ തച്ചുടയ്ക്കുകയല്ല, മറിച്ച് ആഴത്തിൽ ഉള്ളറിഞ്ഞു വീണ്ടെടുക്കുകയാണ് എന്ന്.

ഏതാണ്ട് മറ്റെല്ലായിടങ്ങളും സംസ്കൃതവിജ്ഞാനത്തിന്റെ നവവിഭാവങ്ങളായി പരിലസിക്കവേ ജാതിവാദികളുടെ ചേരിപ്പോരും കാൽഡ്വെല്ലിന്റെ ദ്രാവിഡവാദവും ഒക്കെ കണ്ടമാനം വിളവെടുത്ത കേരളത്തിൽ മാത്രം സംസ്കൃതശ്രീ ശിശിരോപഹതയായി. അക്കാലത്താണ് അന്തർദേശീയസംസ്കൃതജ്ഞാനം നേടിയെത്തിയ കുമാരനാശാൻ *വീണപൂവ്, നളിനി, മണിമാല, വനമാല, പുഷ്പവാടി* എന്നിങ്ങനെ പൂവും പൂമാലയും പൂച്ചെടിയും പൂവാടിയും തികഞ്ഞ കവനവസന്തം തീർത്തത്. കേരളവർമ്മ ദേവനും ഏ ആർ തമ്പുരാനും കുഞ്ഞിക്കുട്ടൻ തമ്പുരാനും മറ്റും അടങ്ങുന്ന ദിഗ്ഗജങ്ങളുടെ തുണയുള്ള ആശാന്റെ കാവ്യഗ്രന്ഥകർമത്തിൽ സംസ്കൃതകൈരളികളുടെ നാഭീനാളബന്ധം തന്നെയാണ് സ്ഫുടതരമായത്.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

ഇവിടെ സ്വാഭാവികമായും പ്രധാനപൂർവപക്ഷം വീണപൂവിലും മറ്റും പാശ്ചാത്യസ്വാധീനം കാണുന്ന ജോസഫ് മുണ്ടശ്ശേരിയുടെയും കെ എം ജോർജ്ജിന്റെയും മറ്റും ഇത്തരം നിലപാടുകളാണ്:[1]

1. "1908ൽ കുമാരനാശാൻ 'ഒരു വീണപൂവ്' രചിച്ചതോടെയാണ് ശോകഗീതങ്ങൾക്ക് ഉച്ചസ്ഥായി കൈവന്നത്. ഇത് ഒരു പ്രതീകാത്മകവിലാപകാവ്യമായിരുന്നു, അതിനാൽ എല്ലാവരുടെയും വിലാപകാവ്യമായിരുന്നു...."

2. "അദ്ദേഹം കേവലം ഒരു സംസ്കൃതപണ്ഡിതനായിരുന്നെങ്കിൽ, അദ്ദേഹത്തിന്റെ കവിതകൾ റൊമാന്റിക് സമ്പ്രദായത്തെ ഇത്രയധികം ഉൾക്കൊള്ളുമായിരുന്നില്ല."

3. "മഹാകവിത്രയം അപസംസ്കൃതവൽക്കരണപ്രക്രിയയെ ത്വരിതപ്പെടുത്തുകയും മലയാളകവിതയുടെ ഘടനയിൽ പാശ്ചാത്യവൽക്കരണം സുഗമമാക്കുകയും ചെയ്തു."

## ആധുനികതയും സംസ്കൃതവും

സംസ്കൃതത്തിന്റെ ഈ നാട്ടിലിരുന്നും ഇമ്മട്ടിലെഴുതി വിടുന്നവരോട് എങ്ങനെ പ്രതികരിക്കണം? ആശാന്റെ ഭാഷയിൽതന്നെ വേണം – *വ്യാപാരമേ ഹനനമാം വനവേടനുണ്ടോ വ്യാപന്നമായ് കഴുകനെന്നു, കപോതമെന്നും?*

ഭാഷ കൊണ്ടും ദേശം കൊണ്ടും വളരെ ദൂരത്തായിരുന്നു ടി എസ് എലിയറ്റ്. ഇന്ത്യയുടെ ആത്മാവിൽ തൊട്ടുനിന്നു തന്റെ മാസ്റ്റർപീസെഴുതിയ എലിയറ്റിനോടു സംസ്കൃതോച്ചാരണത്തിലെ ഭാവവ്യതിരേകവും ഉദ്ധൃതവാക്യത്തിലെ ക്രമഭംഗവും ചൂണ്ടിക്കാട്ടി ഒട്ടു കലഹിച്ച് 'മിസ്റ്റർ എലിയറ്റിന് ഒരു കത്ത്' എന്ന കവിതയിൽ '*ഞാനും അങ്ങയും തമ്മിൽ ഒരു ഹിമവന്തിന്റെ ദൂര*'മുള്ളതായി എൻ എൻ കക്കാട് കുറിച്ചു. ഒരു മോഡേണിസ്റ്റ് മൗലികകൃതിയാണ് എലിയറ്റിന്റെ നീണ്ട കവിതയായ 'ദി വേസ്റ്റ് ലാൻഡ്' (1922). ഊഷരവും ആത്മീയമായി ശൂന്യവുമായ ഭൂഖണ്ഡത്തിൽ വീണ്ടെടുപ്പിനും പുതുക്കലിനുമുള്ള തിരച്ചിലാണ് കവിതയുടെ പ്രമേയം. അതിന്റെ അവസാനവരികൾ ഉപനിഷത്തുകളിൽനിന്നും സംസ്കൃതത്തിൽ തന്നെ ഉദ്ധരിച്ചവയാണ്.

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

"These fragments I have shored against my ruins
Why then Ile fit you. Hieronymo's mad againe.
Datta. Dayadhvam. Damyata. Shantih shantih shantih"[4]

അപ്പോൾ, 'പാശ്ചാത്യവത്കരണത്തിലൂടെയുള്ള അപസംസ്കൃതവത്കരണം' എന്ന പ്രയോഗം തന്നെ അസാധുവാണ്. നോക്കുക, പ്രബുദ്ധതയുടെ കാലത്തും (Age of Enlightenment, 17-19 CE) അതിന്റെ അന്തിമചരണമായി ഉരുവംകൊണ്ട കാല്പനികതയിലും (Romanticism 1800-1850 CE), അതിനെ തുടർന്നു വന്ന ആധുനികതയിലും (Moderntiy/Modernism) അങ്ങോളമിങ്ങോളം സംസ്കൃതമെന്ന അതുല്യവിജ്ഞാനവാഹിനി തന്നെയാണ് മുഖ്യപ്രഭാവം ചെലുത്തിയത്. കാല്പനികതയുടെ കാലത്താകട്ടെ പാശ്ചാത്യദേശമാകെ 'സംസ്കൃതവത്കരണ'ത്തിന്റെ ഇന്നും നിലച്ചിട്ടില്ലാത്ത കാറ്റിലായിരുന്നു. നവോത്ഥാനത്തിന്റെ തുടർച്ചയ്ക്കും കാല്പനികപ്രസ്ഥാനത്തിന്റെ തുടക്കത്തിനും നിമിത്തമായി പ്രവർത്തിച്ച എഴുത്തുകാരെല്ലാംതന്നെ കാളിദാസനോടും സംസ്കൃതകാവ്യപാരമ്പര്യത്തോടും ബന്ധമുള്ളവരാണ് എന്നു പഠനങ്ങൾ തെളിയിച്ചു കഴിഞ്ഞു. ഈ പഠനങ്ങൾ മിക്കതും ഇരുപതാംനൂറ്റാണ്ടിന്റെ പൂർവാർധത്തിൽ പുറത്തു വന്നവയാണെങ്കിലും നമ്മുടെ നിരൂപകർ കണ്ടില്ല.

ആ പഠനങ്ങളെ സമാഹരിച്ച് വിൽ ഡ്യുറാന്റ് 1935-ൽ കുറിക്കുന്നു:[5] "1789-ൽ കാളിദാസന്റെ ശാകുന്തളം പരിഭാഷപ്പെടുത്തിക്കൊണ്ട് സർ വില്യം ജോൺസ് ഏറ്റവും മികച്ച ഇൻഡോളജിസ്റ്റുകളിലൊരാളായി ഔദ്യോഗികജീവിതം ആരംഭിച്ചു; 1791-ൽ ജർമ്മൻഭാഷയിലേക്ക് പുനർവിവർത്തനം ചെയ്ത ജോൺസിന്റെ പരിഭാഷ ഹെർഡറിനെയും ഗൊയ്ഥെയെയും ആഴത്തിൽ സ്വാധീനിച്ചു, ഷ്ലെഗൽ സഹോദരന്മാരിലൂടെ റൊമാന്റിക് പ്രസ്ഥാനത്തെ ആകെയും സാരമായി ബാധിച്ചു."

പലരും പഴിയായി പഴയതെന്നു പറയുന്ന സംസ്കൃതവിജ്ഞാനത്തിന്റെ സനാതനപ്രാഭവം ലോകത്തെ മാറ്റിമറിക്കുന്നതും ആധുനികമാക്കുന്നതും അതിഗൂഢമായ ഒരു ചരിത്രരഹസ്യമാണ്. സാഹിത്യരംഗത്ത് പ്രസക്തരായ ചില പ്രമുഖരെ നമുക്ക് ഇപ്പോഴൊന്നോർക്കാം.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

ജർമനിയിൽ' – ജോഹാൻ ഗോട്ട്ഫ്രഡ് ഹെർഡർ (1744-1803), ഗോയ്ഥെ (1749-1832), ഷില്ലർ (1759-1805), അലക്സാണ്ടർ വോൺ ഹംബോൾട്ട് (1769-1859),

ഫ്രാൻസിൽ' – ലമാർട്ടിൻ (1790-1869), ആൽഫ്രഡ് വിക്ടർ ഡി വിഗ്നി (1797-1863), വിക്ടർ ഹ്യൂഗോ (1802-1885)

ഇംഗ്ലണ്ടിൽ' സാമുവൽ ടെയ്‌ലർ കോളറിഡ്ജ് (1972-1834), പെർസി ബൈഷെ ഷെല്ലി (1792-1822), റോബർട്ട് സൌഥി (1774-1843), തോമസ് മൂർ (1779-1857), ആൽഫ്രഡ് ടെന്നിസൺ (1850-1892)

എന്നിങ്ങനെ അതാതിടങ്ങളിൽ കാല്പനികതയുടെ സാരഥികളും ആധുനികതയുടെ സന്ദേശവാഹകരുമായിരുന്ന പ്രമുഖർ സംസ്കൃതാഭിജ്ഞരായിരുന്നു.

റോമൻ കത്തോലിക്കാസഭയുടെയും യൂറോപ്പിന്റെ കലാസാഹിത്യപാരമ്പര്യത്തിന്റെയും ചരിത്രത്തിൽ, 19-ാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമായി രൂപപ്പെട്ട ആധുനികത എന്ന പ്രസ്ഥാനം, 19-ാം നൂറ്റാണ്ടിലെ ദാർശനികചരിത്രമനശ്ശാസ്ത്രസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ അവിടങ്ങളിലെ പരമ്പരാഗതവിദ്യാഭ്യാസരീതിയെ പുനർവ്യാഖ്യാനം ചെയ്യാൻ ശ്രമിക്കുകയും മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനായി ആഹ്വാനം ചെയ്യുകയും ചെയ്തു. 19-ാം നൂറ്റാണ്ടിലെ ആ നവശാസ്ത്രസിദ്ധാന്തങ്ങൾക്കു നിമിത്തമായതാവട്ടെ, മനുവിന്റെയും കാളിദാസന്റെയും പരിഭാഷകനായി മാറിയ വില്യം ജോൺസ് സംസ്കൃതഭാഷയെ 'കണ്ടെത്തി'യതും (Discovery of Sanskrit, 1786) തുടർന്ന് ഫിലോളജിയുടെയും ഇൻഡോളജിയുടെയും മറ്റും മാധ്യമത്തിലൂടെ ഭാരതീയവിജ്ഞാനത്തിനു കൈവന്ന ആഗോളപ്രചാരവുമായിരുന്നു.

അതീതത്തിലെന്നോ ലോകമാകെ പരന്നും ഭാരതഖണ്ഡത്തിൽ പതിനെട്ടാം നൂറ്റാണ്ടു വരെ അനവരതം പുലർന്നും 'ഇൻഡോളജി'യിലൂടെ സംസ്കൃതം പുത്തൻ ലോകയാത്ര ചെയ്യുന്നിടത്തു തന്നെയാണ് മോഡേണിസവും ഗോചരമാകുന്നത്. അഥവാ, കൂടുതൽ കൃത്യമായി, സുദീർഘകാലം ലോകഭാഷയായിരുന്ന സംസ്കൃതം മധ്യകാലത്തു ഭാരതത്തിലും പ്രാന്തങ്ങളിലുമായി ചുരുങ്ങിയ ശേഷം അതിന്റെ വിരാഡ്രൂപത്തെ വീണ്ടെടുക്കുന്ന



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

കാലം തന്നെയാണ് ആധുനികതയുടെയും കാലം. ഇതരസംസ്കാര പ്രരൂപങ്ങളെ അപേക്ഷിച്ച് സംസ്കൃതവാങ്മയത്തിലുള്ള തീരാപ്പുതുമ–അതാണ് ആധുനികതയ്ക്കു തായ്‌വേരായത്. സംസ്കൃതത്തിന്റെ നവോത്ഥാനകാലമാണ് ആധുനികകാലം എന്നും പറയാം. ആ നിലയ്ക്ക് ആധുനികത ഇന്നും തുടരുന്നു – ഉത്തരാധുനികതയിൽക്കൂടിയും.

## ആശാനും സംസ്കൃതവും

വക്കത്തു സംസ്കൃതപാഠശാല തുടങ്ങി ആശാൻ എന്ന പേരു നേടിയ ശേഷമാണ് സംസ്കൃതവാങ്മയത്തിന്റെ ഉപരിപഠനം ബാംഗ്ലൂർ സംസ്കൃതകോളേജ്, കൊൽകത്ത സംസ്കൃതകോളേജ്, ശ്രീനാരായണഗുരുവിന്റെ ആശ്രമം എന്നീ ക്രമത്തിൽ ഏതാണ്ടു മുമ്മൂന്നു വർഷമെടുത്ത് ഒമ്പതു വർഷം കൊണ്ട് മുപ്പതു വയസ്സോടെ (1903) കുമാരൻ പൂർത്തിയാക്കുന്നത്. ന്യായവിദ്വാൻ, തർക്കതീർഥ തുടങ്ങിയ ദാർശനികപരീക്ഷകൾക്കായാണ് ആശാൻ അഞ്ചു വർഷത്തോളം (1895 -1900) വിദേശവാസം ചെയ്തത്. തർക്കശാസ്ത്രപ്രമുഖമായ ആ ദർശനാഭ്യാസത്തിൽ കുമാരനാശാന്റെ ഗുരു മഹാമഹോപാധ്യായ ശ്രീ കാമാഖ്യാനാഥതർക്കവാഗീശനായിരുന്നു. നവ്യന്യായത്തിന്റെ മൂലഗ്രന്ഥമായ തത്ത്വചിന്താമണിയുടെ കർത്താവായ ഗംഗേശോപാധ്യായന്റെയും ടീകാകാരനായ മഥുരാനാഥന്റെയും പരമ്പരയിൽ വരുന്ന കാമാഖ്യാനാഥനായിരുന്നു ബിബ്ലിയോഥിക്ക ഇൻഡിക്കയിൽ തത്ത്വചിന്താമണിയുടെ പ്രകാശനം നിർവഹിച്ചത് (1893). അതിന്റെ ഭൂമികയിൽ ശ്രീ സതീശ് ചന്ദ്ര വിദ്യാഭൂഷൺ പറയുംപോലെ, "തത്ത്വചിന്താമണിയുടെ പരിജ്ഞാനമോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗത്തിന്റെയെങ്കിലും പരിചയമോ ഇല്ലെങ്കിൽ ആധുനികഇന്ത്യയിൽ സംസ്കൃത പാണ്ഡിത്യത്തിന് ഒരു മൂല്യവും കണക്കാക്കില്ല." ലോകവിദ്വത്സമാജത്തിൽതന്നെ ആദ്യമായി നവോത്ഥാനത്തിന്റെയും ആധുനിക ശാസ്ത്രീയപദ്ധതിയുടെയും ശംഖനാദം മുഴക്കിയത് പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗംഗേശോപാധ്യായന്റെ തത്ത്വചിന്താമണിയായിരുന്നു. അനേകം ദാർശനികഗ്രന്ഥങ്ങളുടെ കർത്താവും സംസ്കൃതആംഗലവൈദുഷ്യത്തിന്റെ ലോകോത്തരമാതൃകകളിലൊരാളുമായിരുന്ന ശ്രീ കാമാഖ്യാനാഥന്റെ ശിഷ്യത്വമാണ്



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

കുമാരനാശാനെ ഇതരശ്രീനാരായണശിഷ്യന്മാരിൽ നിന്നും വ്യത്യസ്തനാക്കിയത് എന്നു തന്നെ പറയണം. അദ്ദേഹത്തോടൊപ്പം താമസിച്ചും വൈദികാചാരങ്ങൾ അഭ്യസിച്ചുമാണ് ബംഗാൾ വാസം ആശാൻ പൂർത്തിയാക്കിയത്.

ഏഷ്യാറ്റിക് സൊസൈറ്റി (1784), ബ്രഹ്മസമാജം (1828) തുടങ്ങിയ വിദ്വത്സഭകളിലൂടെ കൊൽകത്ത ലോകത്തിന്റെ സാംസ്കാരികതലസ്ഥാനമായി വർത്തിച്ചിരുന്നതുമോർക്കണം. ഈ രണ്ടു സഭകളിലും അംഗമായിരുന്ന മഹാകവി രവീന്ദ്രനാഥടാഗോറിനെ വാർത്തെടുത്ത സാംസ്കൃതികസാഹചര്യം തന്നെ മലയാളത്തിന്റെ ലോകകവിയും ഋഷികവിയുമായ കുമാരനാശാനെയും സൃഷ്ടിച്ചു. ഏറെക്കുറെ അതേ സാഹചര്യം തന്നെയാണ് മറ്റു വിശ്രുത കാല്പനികകവികളെയും ആധുനികമനീഷികളെയും ലോകമെമ്പാടും ഉരുവാക്കിയതെന്നും ചുരുക്കിപ്പറയട്ടെ. എന്തായാലും, സംസ്കൃതം പഠിച്ച യൂറോപ്യന്മാരാണ് കാല്പനികതയ്ക്കും ആധുനികതയ്ക്കും നിമിത്തമായത്. വെറും ഇംഗ്ലീഷ് മാത്രം പഠിച്ചിരുന്നെങ്കിൽ ഇവിടിപ്പോൾ വർധിച്ചു വരുന്ന കേരളൈകസീമാമാത്രലോലുപരായ സംസ്കൃതാനഭിജ്ഞരുടെ ആദിനായകനായി മഹാകവി കുമാരനാശാനും തിറക്കൊണ്ടിരുന്നേനേ. ഇംഗ്ലീഷിൽകൂടിയും എഴുതിയത് രവീന്ദ്രനാഥടാഗോറിനു നോബൽ പുരസ്കാരവും ലോകസ്വീകാരവും നേട്ടമാക്കി എന്നതു നേരു തന്നെ. അതേ ടാഗോർ 1922-ൽ നേരിട്ടു വന്ന് ഒരുവട്ടം മാത്രം കണ്ട് "*ലോകയാത്രയിൽ താൻ കണ്ടതിൽവച്ച് അത്യുന്നതമായ ആത്മീയവ്യക്തിത്വം*" എന്നു വിലയിരുത്തിപ്പോയ ഒരു ഗുരുസ്വരൂപത്തോടൊപ്പം 1891 മുതൽ 1924 വരെ നീണ്ട 33 വർഷത്തെ ചിരസമ്പർക്കം കൊണ്ട് സദ്ഭാവിതമായ കുമാരനാശാന്റെ പ്രജ്ഞയ്ക്ക് തിളക്കം എത്രയേറിയിരിക്കും എന്നു പറയാനാവില്ലല്ലോ. അസൂയാലുക്കളായ പ്രഭുക്കളോടും പ്രതിയോഗികളോടും വിഷമത്തോടെ കുമാരനാശാൻ പറഞ്ഞതു തന്നെ ഇവിടെ സ്മരിക്കട്ടെ – "*എന്റെ കൃതികൾ വായിക്കുവാൻ വിദേശികൾ മലയാളം പഠിക്കുന്ന കാലം വരും*" എന്ന്. ഇംഗ്ലീഷു വശമാക്കിയ, സംസ്കൃതവും മലയാളവും തുല്യനിലയിൽ കൈകാര്യം ചെയ്തിരുന്ന ആശാന്റെ ദേശസ്നേഹവും സംസ്കാരമർമജ്ഞതയുമാവണം അദ്ദേഹത്തെ ടാഗോറിന്റെ വഴിയെ നയിക്കാതിരുന്നത്.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

വിലാപം കാവ്യരൂപം നേടുമ്പോൾ

കാല്പനികതയുടെയും ആധുനികതയുടെയും മധ്യത്തിൽ ബംഗാളിലുണ്ടായ മിക്ക വിലാപകാവ്യങ്ങൾക്കും സംസ്കൃത സാഹിത്യമായിരുന്നു ആധാരം. സന്താനവിയോഗത്താലുള്ള ഗാന്ധാരീവിലാപം (മഹാഭാരതം), ഭാര്യാവിയോഗത്താലുള്ള അജവിലാപം (രഘുവംശം, 8-ാം സർഗം), ഭർതൃവിയോഗം നിമിത്തമുള്ള സീതാവിലാപം, ഉത്തരാവിലാപം, രതീവിലാപം, രാധാവിലാപം ഇവയൊക്കെ ബംഗാളിസാഹിത്യകാരന്മാരുടെ സ്വതന്ത്രരചനകൾക്കു പൂർവമാതൃകകളും കഥാതന്തുക്കളുമായി. ചിലതിവിടെ സൂചിപ്പിക്കാം –

1. സീതാവിലാപലഹരി, ഗോപാലചന്ദ്ര ചൂഡാമണി, കൊൽകത്ത, 1856
2. അജവിലാപം, ശിവചന്ദ്ര ഭട്ടാചാര്യ, കൊൽകത്ത, 1867
3. ജാനകീവിലാപം, ഹരിമോഹന കർമകാര, കൊൽകത്ത, 1867
4. ഗാന്ധാരീവിലാപം, ഭുവനമോഹൻ ഘോഷ്, ഭവാനിപൂർ, 1870
5. വിച്ഛേദവിലാപം, യോഗേന്ദ്രനാഥ മുഖോപാധ്യായ, കൊൽകത്ത, 1872
6. വ്രജവിലാപം, ഹരധനദാസ, കൊൽകത്ത, 1876
7. ഭാരതവിലാപനാടകം, വാമചരണചക്രവർതി, കൊൽകത്ത, 1876
8. ഉത്തരാവിലാപം, രാസവിഹാരിശീല, കൊൽകത്ത, 1879
9. ദ്രൗപദീവിലാപം, കേദാരനാഥ ഗംഗോപാധ്യായ, കൊൽകത്ത, 1880

ഇവയ്ക്കു പുറമേ, 'ഏക് ജന ദുഃഖിനീർ വിലാപ' (കൊൽകത്ത, 1871) തുടങ്ങി സ്വതന്ത്രപ്രമേയങ്ങളും ധാരാളമുണ്ടായി. ഇമ്മട്ടിൽ വിലാപകാവ്യങ്ങൾ ചാകര തീർത്ത കൊൽകത്തയിലെ തന്റെ പ്രബുദ്ധമായ പഠനകാലത്ത് അവയേതെങ്കിലുമൊക്കെ ആശാൻ പരിചയപ്പെട്ടിരിക്കാം. എങ്കിൽ, വിദേശത്തുണ്ടായ എലിജികൾ തന്നെയാവണമെന്നില്ല അദ്ദേഹത്തെ സ്വാധീനിച്ചിരിക്കുക. വീണപൂവിനോടു ബന്ധപ്പെടുത്തി പറയാറുള്ള 'Elegy written in a Coutnry Churchyard' (1751) തുടങ്ങിയ തോമസ് ഗ്രേയുടെയും മറ്റും എലിജികൾ മേൽപ്പറഞ്ഞ കൊൽകത്തകാവ്യങ്ങൾ പോലെ കാലം



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

കൊണ്ടു സമീപമല്ല താനും. ഭാരതീയസാഹിത്യത്തിന്റെ വിവിധവശങ്ങളെപ്പറ്റി അനേകം ഗ്രന്ഥങ്ങളെഴുതിയ ഡോ. കെ എം ജോർജ്ജിന് ഇക്കാര്യങ്ങൾ കാണാനായില്ല.

യൂളജി (Eulogy), എലിജി (Elegy) തുടങ്ങിയവയൊക്കെ ചരമം, ശ്മശാനം എന്നിവയുമായി ബന്ധപ്പെട്ടതാണ്. മരണപ്പെട്ട വ്യക്തിയോടുള്ള കടപ്പാടും മറ്റും രേഖപ്പെടുത്തുന്ന സ്തുതി രൂപമായ പത്രവാചനമോ മരണപ്രസംഗമോ ആണ് യൂളജി. അടുത്തിടെ മരണപ്പെട്ട വ്യക്തിയെപ്പറ്റിയുള്ള വിലാപരൂപമായ കവിതയോ ഗീതമോ ആണ് എലിജി. ശോകവും വിരതി(വിപ്രലംഭം) യുമൊക്കെയാണ് അവയിലെ സ്ഥായിഭാവങ്ങൾ. കാരണം, പാശ്ചാത്യദേശത്തെ തത്ത്വചിന്തയിൽ പ്രായേണ മരണത്തിനു ശേഷം മതപരമല്ലാത്ത ഒരുയിർപ്പില്ല. അതുകൊണ്ടു തന്നെ ഓർക്കാപ്പുറത്തു സ്വപ്നഭംഗം ചെയ്യുന്ന മരണം പരാജയമില്ലാത്ത ഖലനായകനാണ്. അവിടെ മിക്ക കാവ്യപ്രമേയങ്ങളും ദുരന്തപര്യവസിതങ്ങളും ശോകസ്ഥായികളുമാണ്.

ഏറെക്കുറെച്ചിലും പേരിനു തത്ത്വചിന്തയുമായി പുറപ്പെട്ടവയാണു പൊതുവെ വിലാപകാവ്യങ്ങൾ. തത്ത്വചിന്ത ചെലുത്തിയിട്ട് ദുഃഖശമനം വരുന്നതായി ചിത്രീകരിക്കുന്നത് മാരാരുടെ ശൈലിയിൽ[3] 'സ്ഥായിഭാവമായ ശോകത്തെ ഇടയ്ക്കു വച്ചു നാടുകടത്തുന്നതിനു തുല്യമാണ്'.

## വിലാസം കാവ്യരൂപം നേടുമ്പോൾ

എന്നാൽ, പുനർജന്മത്തെ ജീവിതനിയമമായി തിരിച്ചറിയുന്ന വേദചിന്തയിൽ മരിക്കാതെ ജനിക്കാനാവില്ല; വർത്തമാനശരീരം കൊഴിഞ്ഞു പുതിയ ഉടലെത്താതെ സത്കർമങ്ങളുടെ പുണ്യഫലം അനുഭവിക്കാനുമാവില്ല. അതിനാൽ വർത്തമാനത്തിന്റെ നഷ്ടങ്ങളും സ്വപ്നഭംഗവും ശോകാർദ്രമാണെങ്കിലും ശോകം സ്ഥായിയാവില്ല. കൂടുതൽ മികവിലേക്കുള്ള പ്രയാണം അഥവാ സ്വസ്ത്യയനമാണു മരണമൊരുക്കുന്നതെന്നോർക്കുമ്പോൾ മറ്റൊരു മനോഭാവം സ്ഫുരിക്കും – നിർവേദം എന്നാണ് അതിന്റെ ശാസ്ത്രീയനാമം.

നിർവേദത്തിന് സംവേദനം നിലച്ച അവസ്ഥ എന്നൊരർഥമുണ്ട്. അതല്ല ഇവിടെ യോജിക്കുക. നിശ്ശേഷമായ, പൂർണമായ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

വേദനം, അറിവ് എന്നാണിവിടെ അർഥം. (**'നിർ'** ഉപസർഗം - **'വിദ്'** ധാതു - **'ഘഞ്'** പ്രത്യയം – **നിർവേദഃ**). അതിന്റെ രസമാണു ശാന്തം. **'ശമ്'** ധാതു - **'ക്ത'** പ്രത്യയം – ശമിച്ച എന്നർഥം. എന്നാൽ ശമം എന്ന വിരതിയെ അല്ല രസവിചാരത്തിൽ സ്വീകരിക്കുന്നത്. **'ശമ് ഉപശമേ', 'ശമ ആലോചനേ', 'ശമ ദർശനേ'** ഇങ്ങനെ മൂന്നു ധാതുക്കളുണ്ട്. സ്പഷ്ടദൃഷ്ടി, ദർശനം എന്നർഥമുള്ള ഒടുവിലത്തെ രണ്ടു ശമ് ധാതുക്കളോടാണ് ശാന്തരസത്തിനു ബന്ധം. ആ അർഥത്തിലാണ് പ്രാചീനമായ നായകഗണത്തിൽ വരുന്ന **'ധീരശാന്തൻ'** കാവ്യവിഷയമാവുന്നത്.

*ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ-*
*ലുത്പന്നശോഭമുദയാദ്രിയിലെത്തിടും പോൽ*
*സത്പുഷ്പമേ,യിവിടെ മാഞ്ഞു സുമേരുവിൻ മേൽ*
*കൽപദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ. (37)*

എന്ന് സത്പുഷ്പത്തിന്റെ സുമേരുഗമനം കീർത്തിക്കുന്ന വീണപൂവ് വിലാപകാവ്യമല്ല, ജീവന്റെ വിലാസകാവ്യമാണ്. വേദാന്തമഹിമയെ വാഴ്ത്തുന്ന ജഗന്നാഥന്റെ 'ജ്ഞാനവിലാസം' സംസ്കൃതത്തിൽ നിന്നും ഒരുദാഹരണമാണ്. കുമാരനാശാൻ ഗുരുതുല്യം മാനിച്ച ഏ ആർ തമ്പുരാന്റെ 'മലയവിലാസം' മലയാളത്തിൽ തന്നെ അതിനു പൂർവപീഠികയായി ചമയുന്നുണ്ടല്ലോ.

ശ്രീനാരായണഗുരുദേവൻ പറഞ്ഞതു പോലെ, *'വീണപൂവു ജീവിതദർശനമാണ്'.*[10]

ദർശനപ്രകാശം ഇത്രയും സ്ഫുരിച്ചു നില്ക്കുന്ന മറ്റൊരു കാവ്യം മലയാളത്തിലില്ല. എന്നിട്ടും വീണപൂവ് ദാർശനിക കൃതിയല്ലെന്നു ശഠിക്കുന്ന കെ സുരേന്ദ്രൻ മുതൽ വീണപൂവിലെ വേദാന്തചിന്തകൾ അനാവശ്യമായ അടവുകളാണെന്നു പറയുന്ന എംജിഎസ് നാരായണൻ വരെയുള്ളവരെ നമുക്കു കാണേണ്ടി വരുന്നു. ശോകാതുരന്റെ വിലാപതത്ത്വചിന്തയല്ല, നിർവേദിയുടെ സഹജാവബോധമാണ് വീണപൂവിലും ആശാൻകവിതയിലും പ്രസരിച്ചു നില്ക്കുന്നത്. ഇതറിയാതെ വീണപൂവിലെ ഭാവതലവും തത്ത്വവിചാരവും തമ്മിലുള്ള അന്തഃസംബന്ധം വെളിപ്പെടില്ല. ആശാന്റെ ഹസ്തലേഖപഠിതാവിനെ വീണപൂവു കുഴക്കുന്നതു കണ്ടാലും:" "(വണ്ടിലൂടെ വെളിപ്പെടുന്ന) പാപബോധമമർത്താ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

നാണ് കവി തത്ത്വചിന്തയെ ശരണം പ്രാപിക്കുന്നത്. എന്നാൽ, വീണപൂവിലെ തത്ത്വചിന്തകൾ കാവ്യബാഹ്യവസ്തുക്കളായി മാറിപ്പോയി. തത്ത്വചിന്തകൾ പ്രമേയത്തിനു താങ്ങാനാവാത്തവ യാകയാൽ കാവ്യത്തിന്റെ ഭാവതലത്തിലെ വൈകാരികാംശവുമായി പൊരുത്തപ്പെടുന്നില്ല.'' അതെയതെ! നെയ്പ്പായസത്തിൽ നെയ്യു വേണ്ടിയിരുന്നില്ലെന്നേ അജീർണക്കാരനു തോന്നൂ. '*ഈ ലോകതത്ത്വവുമയേ, തെളിവാർന്ന താരാജാലത്തൊടുന്മുഖത യാർന്നു പഠിച്ചു രാവിൽ*'(4) – യൌവനോദയത്തിനും മുമ്പേ ഇരവിലുമുണർന്നു പുലരുന്ന പൂവിന്റെ സഹജമായ തത്ത്വോന്മുഖ തയെ ശ്രദ്ധിക്കാതെ, വണ്ടിന്റെ ഭാരിച്ച പാപം തീപിടിപ്പിച്ചതാണു കവിതയിലെ തത്ത്വചിന്തയെന്നു തീർപ്പാക്കുന്നത് കുളിർനിലാ വൊഴിഞ്ഞ രാക്കാഴ്ച്ചയെന്നേ പറയേണ്ടൂ.

വഴിയോരക്കാഴ്ച്ചകളിൽ ഭ്രമിച്ചു പോകുന്ന യാത്രികർ ലക്ഷ്യമണയാറില്ല. വീണപൂവിന്റെ പഠിതാക്കളേറെയും അങ്ങനെ യാണ്. അങ്ങനെ വഴിയിൽ വീണുപോകുന്ന പൂവിനെപ്പോലെ ഭ്രമജാലം കൊണ്ട് ഗതിഹീനമായ മനുഷ്യജീവിതത്തെ ഗതിശീല മാക്കാനാണ്, തീവ്രഗതിയാക്കാനാണ്, ആശാൻ പ്രയത്നിച്ചത്. 'എണ്ണീടുകാർക്കുമിതു താൻ ഗതി' .... ഏതു ഗതി? വീണപൂവായിരി ക്കുക. പക്ഷേ, ''*സ്വർല്ലോകവും സകലസംഗമവും കടന്നു ചെല്ലാം നിനക്കു തമസഃപരമാം പദത്തിൽ*'' (39) എന്നതാകണം തന്റെ സഹോദരനായ വീണപൂവിനോട്, പതിതാത്മാവിനോട്, കവി ഉപദേശിക്കുക. 'ഖേദിക്കകൊണ്ടു ഫലമില്ല', 'സാദ്ധ്യമെന്തു കണ്ണീരിനാൽ?' എന്നു പറയുന്ന ഋഷികവിയെ നമുക്കു വേണ്ട. 'കരയും ഞാൻ കരയും ഞാൻ' എന്നു വിലപിക്കുന്ന ചങ്ങമ്പുഴയെ പ്പോലെ വെറുതെ കരയാനും കരയിക്കാനും, 'പാട്ടിൽ കരഞ്ഞ ഞാൻ ജീവിതപ്പൂമരച്ചോട്ടിൽ ചിരിക്കുകയായിരുന്നു' എന്ന് അടുത്ത നി മിഷം നിസ്സാരമായി കണ്ണിറുക്കിക്കാട്ടുന്ന ചങ്ങമ്പുഴയെപ്പോലെ വെ റുതെ ചിരിക്കാനും ചിരിപ്പിക്കാനും തന്നെ തുനിഞ്ഞു കാണുന്നു, ആധുനികനും ഉത്തരാധുനികനും മാറി മാറി.

## വീണപൂവും അലിഗറിയും

ഇതൊക്കെയാണെങ്കിലും കുമാരനാശാൻ പാശ്ചാത്യ സങ്കേതത്തിൽതന്നെയാണ് വീണപൂവെഴുതിയതെന്നു പറയാതെ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

വയ്യെങ്കിൽ അവിടുത്തെ അലിഗറിയുമായി വീണപൂവിനു ബന്ധം കല്പിക്കാം. ഏതെങ്കിലും തരത്തിൽ സമാനമായ ഒരു വിഷയത്തിന്റെ മറവിൽ ഒരു വിഷയത്തെ പേരെടുത്തു തുറന്നു പറയാതെ ആലങ്കാരികമായി വർണിക്കുന്നതാണ് അലിഗറി (allegory – അന്യാപദേശം, രൂപകകഥനം, അന്തരാർഥകഥനം. ഷേക്സ്പിയറിന്റെ ടെമ്പസ്റ്റ് ഉദാഹരണം). ജീവനാണു വീണപൂവ്. ഇവിടെ വീണപൂവ് നാട്യരൂപമാണ്, അലങ്കാരമാണ്. അതു സൂചിപ്പിക്കുന്നത് സുന്ദരമായ ഭൂമിയിൽ, എന്നാൽ നശ്വരമായ ശരീരത്തിൽ, കഴിയേണ്ടി വരുന്ന അനശ്വരമായ ജീവാത്മാവിനെയാണ്. 'കുസുമ ചേതന പോയമാർഗ്ഗം' (20), 'ദിവ്യഭോഗം വിട്ടാശു ഭൂവിലടിയുന്നൊരു ജീവനെന്നോ' (23), 'അന്യൂനമാം മഹിമ തിങ്ങിയൊരാത്മതത്ത്വം' (25), 'നിജജന്മകൃത്യം' (31), 'ചിന്തിപ്പതാരരിയ സൃഷ്ടി രഹസ്യം' (30), 'ഒന്നല്ലി നാ,മയി സഹോദരരല്ലി പൂവേ, ഒന്നല്ലി കയ്യിഹ രചിച്ചതു നമ്മെയെല്ലാം' (32), 'ഉത്പന്നമാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും' (35) തുടങ്ങി അനേകഭാഗങ്ങൾ ഉദാഹരണം.

ഇവിടെ കവി ഉപദർശനം ചെയ്യുന്ന ആശയസാമ്രാജ്യം വേദോപനിഷത്ചിന്തയുടെ സഹായമില്ലാതെ തെല്ലും വശമാവില്ല. അക്കാര്യം ഇതിനപ്പുറം കവി തന്നെ എങ്ങനെ തുറന്നു പറയണം? – "*ഹാ! ശാന്തി ഔപനിഷദോക്തികൾ തന്നെ നൽകും*". ഉപനിഷത്തെന്നു പറയുമ്പോൾ വേദാന്തം മാത്രമല്ല, സമ്പൂർണവേദശാസ്ത്രസാരമാണ് ഉദ്ദിഷ്ടം. സംസ്കൃതവാങ്മയത്തിന്റെ ശരിയായ ഉപാസനയിലൂടെ ന്യായം തുടങ്ങിയ വൈദികദർശനങ്ങളെല്ലാം വേണ്ടയളവിൽ ആശാനിലെത്തുകയും വീണപൂവിലൂടെ പ്രഫുല്ലമാവുകയും ചെയ്തു. മലയാളത്തിന്റെ ദാർശനികകവി എന്ന പേര് നേരാവുന്നത് ആശാനിലാണ്. ആശാനെ അനുഗമിക്കാൻ പിന്നീടുള്ളത് പ്രേമസംഗീതകാരനായ മഹാകവി ഉള്ളൂരടങ്ങുന്ന ഒരു ലഘുസംഘം മാത്രം. ആശാന്റെ ദാർശനികത തെളിയിക്കാൻ സഫലശ്രമം ചെയ്ത ഡോ. എ ഗോപിനാഥൻ ശരിയായി ഇങ്ങനെ അടയാളപ്പെടുത്തിയിട്ടുണ്ട് – '*ആശാന്റെ പ്രതിഭ ഋഷിജന്യതേജസ്സാണ്*'.

ജ്ഞാനവിലാസം പോലെയുള്ള അലിഗറിക് കാവ്യങ്ങൾ സംസ്കൃതത്തിൽ വളരെ മുമ്പേ വന്നിരുന്നു. അഭിനവഗുപ്തനു മുമ്പു ജീവിച്ച ജയന്തന്റെ (8/9 ശതകം) 'ആഗമാഡംബരം' എന്ന



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

നാടകത്തിലാണ് തത്ത്വചിന്തയും അന്തരാർഥകഥനവും (allegory) ചേർന്ന രചനാതന്ത്രം ആദ്യമായി പ്രയോഗിച്ചു കാണുന്നത്. അഭിനവഗുപ്തനു ശേഷം വന്ന കൃഷ്ണമിശ്രന്റെ (11 -ാം ശതകം) പ്രബോധചന്ദ്രോദയം നാടകമാണ് അലിഗറിയിലെ ഒരു മാസ്റ്റർപീസ്. ഇതു പിന്നീട് ലഘുപ്രബോധചന്ദ്രോദയം, പ്രബോധചന്ദ്രോദയം കാവ്യം എന്നിങ്ങനെ പലപാട് പുനരവതരണം ചെയ്യപ്പെട്ടു. സംസ്കൃതസാഹിത്യത്തിലെ നാല്പതോളം വരുന്ന ശാന്തരസകൃതികളിൽ സുപ്രസിദ്ധമാണ് ഈ നാടകം.

**ആശാനും ശാന്തരസവും**

നാടകത്തിൽ ശാന്തരസം വരില്ലെന്ന ധാരണ തിരുത്തുന്ന പ്രബോധചന്ദ്രോദയത്തിൽ ഉപനിഷത്തെന്ന നായികയാണു മുഖ്യ പാത്രം. ആ രചന തന്നെയാണ് കുമാരനാശാൻ തന്റെ ഏക നാടകവിവർത്തനത്തിനു സ്വീകരിച്ചതെന്നതു പ്രത്യേകം ശ്രദ്ധേയ മാണ്. 'മൈത്രേയി' എന്ന വേദാന്താഖ്യായിക പരിഭാഷ ചെയ്തതു പോലെ കൊൽകത്തജീവിതത്തിന്റെ സ്വാധീനത്തിലാകണം കുമാരനാശാൻ പ്രബോധചന്ദ്രോദയവും ചെയ്തത്."

ശാന്തി (വിവേകഭഗിനി), കരുണ (ശാന്തിസഖി), മൈത്രി (ശ്രദ്ധാസഖി) ഇവരൊക്കെ കഥാപാത്രങ്ങളായി വരുന്ന പ്രബോധ ചന്ദ്രോദയം ആശാന്റെ വേദാന്തപരിപക്വമായ കാവ്യവൃത്തിക്ക് ഉത്തമപ്രേരകമായി. ഇതരരസങ്ങൾ മനസ്സിനെ വിനോദിപ്പിക്കു മ്പോൾ ശാന്തമാണ് ആത്മാവിനു രുചികരം എന്ന വലിയ തിരിച്ചറി വിൽ നിന്നാണ് കുമാരനാശാൻ കാവ്യവ്യാപാരം നിർവഹിച്ചത്. ഒരു ഭാഗം കാണുക – "***സരസ്വതി:*** *ഉണ്ണീ! ഇതു ചിത്തത്തിന്റെ വികാരമാണ്. അതുകൊണ്ട് ഏതെങ്കിലും ശാന്തമായിരിക്കുന്ന ഒരു വിഷയത്തിൽ ചിത്തത്തെ പ്രവേശിപ്പിക്കണം.....അതുകൊണ്ട് ശാന്തരസപ്രധാനമായ ഒരു നാട്യപ്രയോഗംകൊണ്ട് ആത്മാവിനെ വിനോദിപ്പിക്കുന്നതിനായി നാം ആഗ്രഹിക്കുന്നു....*

***മനസ്സ്:*** *എന്നാൽ ഭഗവതി അനുഗ്രഹിച്ചാലും! ഏതാണു ശാന്തമായിരിക്കുന്ന വിഷയം?*

***സരസ്വതി:*** *ഉണ്ണീ! ഇതു രഹസ്യമാണ്. എങ്കിലും ഖിന്നമാ രായിരിക്കുന്നവർക്ക് ഉപദേശിക്കുന്നതിൽ ദോഷമില്ല."* (കുമാരനാശാൻ, പ്രബോധചന്ദ്രോദയം പരിഭാഷ)



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

"*ബ്രഹ്മാദ്വൈതസുഖാത്മകഃ പരമവിശ്രാന്തോ ഹി ശാന്തോ രസഃ*" – വേദജ്ഞാനത്തിന്റെ അദ്വിതീയസുഖമുൾച്ചേർന്ന പരമവിശ്രമത്തിന്റെ നിലയെന്ന് '*ഭർതൃഹരിനിർവേദ*'നാടകത്തിൽ ഹരിഹരൻ പറയുന്ന തരം ശാന്തരസം ആശാൻകവിതയുടെ മൂലപ്രകൃതിയായി. സനിഷ്കർഷം ചിന്തിച്ചാൽ ആശാന്റെ ഒരു കൃതിയും ശോകാന്തമല്ല. എലിജിയുടെ സ്വഭാവമുള്ള പ്രരോദനത്തെ വിലാപകാവ്യമായി കാണുന്നുണ്ട് ആളുകൾ. എന്നാൽ, പ്രരോദനം കരുണരസാത്മകമാണെന്നു പറഞ്ഞ വള്ളത്തോളിനെ ആശാൻ തന്നെ ഉപഹസിച്ചു പറഞ്ഞതിങ്ങനെ: ഒരു കാവ്യത്തിന്റെ അംഗിരസം തിരിച്ചറിയുന്നതിന് നമ്മുടെ ആസ്ഥാനകവിക്കും കഴിവില്ലാതിരിക്കുന്നല്ലോ എന്ന്. എന്നിട്ട് പൊതുവെ വിലാപകാവ്യമെന്നു പറയപ്പെടുന്ന പ്രരോദനം നിർവേദസ്ഥായിയാണെന്നു കവി തന്നെ എടുത്തു പറയുകയുമുണ്ടായി. പ്രരോദനം പ്രകർഷരോദനമാണ്, വെറും രോദനമല്ല. ശോകം തന്നെ നിർവേദമായി ഉയിർത്തെഴുന്നേല്ക്കുന്നതാണ് അവിടുത്തെ പ്രകർഷം.

ശാകുന്തളത്തിന്റെ അനുശീലനത്തോടൊപ്പം പ്രബോധചന്ദ്രോദയത്തിലും മൈത്രേയിയിലും മറ്റും സ്ത്രീ വഹിക്കുന്ന സവിശേഷനായകത്വം കൂടി സ്വാംശീകരിച്ച ആശാന്റെ വ്യാപകമായ സംസ്കൃതാവബോധം തന്നെയാണ് അദ്ദേഹത്തിന്റെ നായികാസൃഷ്ടിക്കും സ്ത്രീപക്ഷരചനയ്ക്കും കൂടി പര്യാപ്തമായ പൂർവോപാധിയായിത്തീർന്നതെന്നു കാണാം. അപ്പോൾ, സംസ്കൃതവാങ്മയത്തിന്റെ ആത്മാംശമായി വിളങ്ങുന്ന രസവിചാരചർച്ച വേണ്ടപോലെ പിന്തുടരാതെ നമുക്ക് ആശാനെയും പിടി കിട്ടില്ല. വള്ളത്തോളിനു കൂടി പിണഞ്ഞു പോയ അബദ്ധം ഒഴിവാക്കുവാൻ ചെറുതായല്ല നാമൊക്കെ പണിപ്പെടേണ്ടി വരിക. ഉദ്ദിഷ്ടഫലത്തിന് ഉപായചിന്ത എന്ന നിലയിൽ അല്പം ചിലതിവിടെ സൂചിപ്പിച്ചുകൊള്ളാം.

**രസദർശനം വീണപൂവിൽ**

സാഹിത്യമണ്ഡലത്തിൽ വീണപൂവ് ഒരു ദാർശനിക പ്രതിസന്ധി തീർത്തിട്ടുണ്ട്. ഭാരതീയദർശനങ്ങളുടെ പഠിതാവെന്ന നിലയിൽ ഇതെഴുതുന്നയാളെയും വീണപൂവിന്റെ ദർശനം കുഴക്കിയിട്ടുണ്ട്. '*വീണപൂവിൽ കവി ആവിഷ്കരിച്ചിരിക്കുന്ന*



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

ദർശനത്തിന്റെ വ്യാഖ്യാനമോ വിപുലനമോ ആണ് തുടർന്നുണ്ടായ കൃതികളിൽ നാം കാണുന്നത്' – ദർശനമെന്തെന്നറിഞ്ഞും അറിയാതെയും നിരൂപകർ പൊതുവെ സമ്മതിച്ചതാണിത്. അപ്പോൾ, വീണപൂവിലെ ദർശനമറിയാതെ കുമാരനാശാന്റെ ഇതരകൃതികളൊന്നും തികച്ചും ആസ്വാദ്യമാകില്ല.

കവിപ്രതിഭയിൽ ദർശനവും സാഹിത്യദർശനവും കൈകോർക്കുമ്പോഴാണല്ലോ മികച്ച കാവ്യം ജനിക്കുക. വ്യുത്പത്തിയുടെ പ്രാധാന്യം ഊന്നിപ്പറയുന്ന മംഗളാചാര്യനെയും പ്രതിഭയുടെ മികവിനെ എടുത്തു പറയുന്ന ആനന്ദാചാര്യനെയും ഉദ്ധരിച്ചുകൊണ്ട് കാവ്യമീമാംസാകാരനായ ശ്രീ രാജശേഖരകവി പ്രതിഭയും വ്യുത്പത്തിയും ഒരുമിച്ചാണ് ശ്രേയസ്കരമാവുക എന്നു സിദ്ധാന്തിക്കുന്നു.[14]

ആസ്വാദകന്റെ ചിത്തത്തിൽ അനാദിപ്രവൃത്തമായും വാസനാരൂപമാർന്നും കുടികൊള്ളുന്ന മനോഭാവങ്ങൾതന്നെയാണ് കാവ്യാദികളുടെ അനുശീലനത്താൽ ആസ്വാദനം ചെയ്യപ്പെട്ടു രസമാകുന്നത്. ആസ്വാദകനിലാണു രസമെങ്കിൽ കാവ്യത്തിന്റെ ഏതു ഘടകമാണ് രസത്തോടു ബന്ധപ്പെട്ടിരിക്കുന്നത് എന്നു പറയേണ്ടതായി വരും. കാവ്യാർഥം തന്നെയാണു രസമുണർത്തുന്നതെന്നും കാവ്യാർഥങ്ങളിൽതന്നെ ശബ്ദാർഥങ്ങളുടെ മികച്ച അന്തർയോഗമായ വ്യഞ്ജനാവ്യാപാരം ആസ്വാദകനു സമർപ്പിക്കുന്ന വ്യംഗ്യാർഥമാണു രസ്യമാവുക എന്നും ധ്വനികാരൻ സ്ഥാപിച്ചിട്ടുണ്ട്. *നാനൃഷിഃ കവിഃ* – ഋഷിയല്ലാത്തവൻ കവിയല്ല എന്നു പറയുന്നതും അക്കാരണത്താൽ. *ഋഷിശ്ച കില ദർശനാത്* – കാഴ്ച്ചപ്പാടിന്റെ ഊറ്റമാണു ഋഷിത്വം. *ആത്മാ ദ്രഷ്ടവ്യഃ* – ആത്മദർശനമാണു ദർശനം. *തരതി ശോകമാത്മവിത്* – ആത്മദർശി ശോകത്തെത്താണ്ടുന്നു. ശോകസാരമായ സംസാരത്തിൽ ദർശനശേഷി കൊണ്ടു ശോകം താണ്ടുകയും താണ്ടാൻ അന്യനെ ഉള്ളുണർത്തുന്ന തരം സുദുഷ്കരങ്ങളായ ആവിഷ്കാരങ്ങൾ സാധിക്കുകയും ചെയ്യുന്ന ഋഷികവികൾക്കേ ഭാരതത്തിൽ ആദരമുണ്ടായിട്ടുള്ളൂ. ഇതറിയാത്തവരേ പറയൂ, ആശാൻകവിതയിലെ തത്ത്വചിന്ത വെച്ചുകെട്ടാണെന്ന്. ഋഷികവനത്തിന്റെ കേരളം കണ്ട നിത്യസൂര്യപ്രഭയാണു ആശാൻകവിത, അതിൽ അരുണോദയമാണു വീണപൂവ്.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

ഇവിടെ, കവികർമത്തിൽ രണ്ടു കാര്യം നിർണായകമാണ്: 1) ഏതു മനോഭാവത്തെയാണ് കവി വിഷയമായെടുത്തുപചരിക്കുന്നത് എന്നത്. 2) ആസ്വാദകന്റെ അന്തരംഗത്തിൽ രസം തീർക്കുന്ന വ്യതിയാനം സാർഥകമാകുന്നത് എങ്ങനെ എന്നത്.

എല്ലാ ദർശനങ്ങളിലും ജീവിതത്തിന്റെ നശ്വരത പ്രപഞ്ചനം ചെയ്യുകയും എല്ലാം ദുഃഖമാണെന്നു വിലയിരുത്തുകയും ചെയ്യുന്നുണ്ടല്ലോ എന്നു ചോദ്യം വരാം. ആശാൻ ഏറ്റവും കൂടുതൽ ഉപജീവിച്ചിരിക്കാനിടയുള്ള ന്യായദർശനത്തിൽ പറഞ്ഞു കാണുന്നു: *'സർവം ദുഃഖമിതി സമാധിഭാവനമുപദിശ്യതേ'* – ഏകാഗ്രതയ്ക്കും ആത്മോന്നതിയ്ക്കും വേണ്ടിയാണ് എല്ലാം ദുഃഖമാണ് എന്ന് ദർശനശാസ്ത്രം ഉപദേശിക്കുന്നതെന്ന്. ദുഃഖമാണു ജന്മം എന്നു തിരിച്ചറിയാത്തവൻ മോചിക്കപ്പെടില്ല തന്നെ. 'അവനിവാഴ്‌വു കിനാവ്' – ഈ ജീവിതത്തെ ദുഃഖസ്പർശമുള്ള എന്നാൽ ഗഹനമായ കിനാവായി ആശാൻ വിലയിരുത്തി. കിനാവൊന്നും കിനാവിലല്ല തീരുന്നത്, ഉണർവിലാണ്. ദുഃഖശതങ്ങളും പതിതാവസ്ഥകളും മരണവുമൊക്കെയാണു മിക്കവാറും വർതമാനം, പ്രത്യക്ഷയാഥാർഥ്യം. എന്നാൽ, ഭൂതവും ഭാവിയുമൊക്കെ അങ്ങനെ മാത്രമായിരുന്നില്ല. 'അധികതുംഗപദത്തിലെത്ര ശോഭിച്ചിരുന്നു' (1), 'ദിവ്യഭോഗം വിട്ടാശു ഭുവിലടിയുന്നൊരു ജീവൻ' (24) എന്നിങ്ങനെ സ്മൃതിമണ്ഡലം ഭൂതകാലാഭൂതികളുടെ കാഞ്ചനാഭയിൽ തന്നെ. 'കൽപദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ' (37), 'സ്വർല്ലോകവും സകലസംഗമവും കടന്നു ചെല്ലാം നിനക്കു തമസഃപരമാം പദത്തിൽ' (39) തുടങ്ങി ഭാവികാലവൈഭവങ്ങളുടെ രത്നച്ചിറകിലാണ് അതേ ജീവന്റെ സങ്കല്പമണ്ഡലം. കയ്ച്ചു മാത്രം മധുരിക്കുന്ന നെല്ലിക്ക പോലെ വർതമാനജീവിതം. വീണ്ടും പറയണം, 'വീണപൂവ് ഒരു ജീവിതനിരൂപണമാണ്' എന്ന ശ്രീനാരായണ ഗുരുദേവന്റെ അഭിപ്രായമാണ് ഇവിടെ സമാദരണീയമാവുന്നത്. ആശാനു പ്രിയപ്പെട്ട ഋഷിഗൌതമന്റെ ന്യായദർശനമനുസരിച്ച് ജീവിതനിരൂപണം ഇങ്ങനെയാവണം – "ദുഃഖം ജിഹാസുഃ ജന്മനി ദുഃഖദർശീ നിർവിദ്യതേ, നിർവിണ്ണോ വിരജ്യതേ, വിരക്തോ വിമുച്യതേ" – ശോകത്തെ തള്ളിക്കളയാൻ ആഗ്രഹിക്കുന്നവൻ ജന്മത്തിൽതന്നെ ദുഃഖം കണ്ടറിഞ്ഞ് നിർവേദം കൈക്കൊള്ളുന്നു; നിർവേദം നേടുന്നവൻ രാഗത്തെ താണ്ടുന്നു. രാഗത്തെ വെന്നവൻ വിമോചിതനാവുന്നു.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

## ശാന്തരസചരിത്രം

സ്ഥായിഭാവങ്ങൾ എട്ട് എന്നാണ് പൊതുവായ നിർണയം. ആ നിലയ്ക്ക് രസങ്ങളും എട്ടു തന്നെ എന്നാണ് ഒരു കൂട്ടർ കരുതുന്നത്. നാട്യശാസ്ത്രത്തിന്റെ ശുദ്ധപാഠത്തിൽ എട്ടു രസങ്ങളുടെ സ്ഥായിയും വിഭാവാനുഭാവങ്ങളും വിസ്തരിച്ച പോലെ ഭരതമുനി ശാന്തത്തെ അവതരിപ്പിച്ചിട്ടില്ല. എന്നാൽ ഭരതമുനിയുടെ രസസിദ്ധാന്തമനുസരിച്ചും അദ്ദേഹം തന്നെ നല്കുന്ന പല സൂചനകളിൽ നിന്നും ശാന്തം ഒമ്പതാമത്തെ രസമാണ് എന്ന തീർപ്പാണ് നൂറ്റാണ്ടുകൾ നീണ്ട വാദപ്രതിവാദങ്ങൾക്കൊടുവിൽ കാണുന്നത്.

കിട്ടുന്ന തെളിവു വച്ച് രസവാദചരിത്രത്തിൽ ആചാര്യ ഉദ്ഭടൻ (8 -ാം നൂറ്റാണ്ട്) ആണ്[5] ശാന്തരസത്തിനു വേണ്ടി നിലകൊണ്ട ആദ്യത്തെ ആൾ.

തുടർന്ന് സമ്യഗ്ജ്ഞാനമെന്ന നിർവേദം സ്ഥായിഭാവമാകുന്ന ശാന്തരസത്തെ രുദ്രടൻ ഉദ്ഭാവനം ചെയ്യുന്നു. അദ്ദേഹത്തെ പിൻപറ്റുന്ന രാജശേഖരൻ കാവ്യമീമാംസയിൽ ശാന്തരസചിന്ത വളരെ വിസ്തരിച്ചിരുന്നു എന്നാണു സൂചന; ദൌർഭാഗ്യത്താൽ ആ മഹാഗ്രന്ഥത്തിന്റെ രസാധികാരം നഷ്ടമായി. തൃഷ്ണാക്ഷയ സുഖം ശാന്തത്തിന്റെ സ്ഥായിഭാവമാണെന്നു കണ്ട ആനന്ദവർധനൻ മഹാഭാരതത്തിന്റെ രസമായി ശാന്തരസത്തെ സ്വീകരിച്ചു.

ധ്വന്യാലോകചന്ദ്രികാകാരൻ (അഭിനവപൂർവികൻ) ശാന്തത്തെ നായകരസമായി സ്വീകരിച്ചില്ല. എന്നാൽ, ഭട്ടനായകൻ ഇന്നു ലഭ്യമല്ലാത്ത ഹൃദയദർപണമെന്ന മഹാഗ്രന്ഥത്തിൽ *"സ്വന്തം സ്വന്തം കാരണത്തെ ആശ്രയിച്ച് ശാന്തത്തിൽ നിന്നും ഭാവങ്ങൾ പ്രവർത്തിക്കുന്നു, കാരണമില്ലാതെ വരുമ്പോൾ ശാന്തത്തിലേക്കു വിലയം പ്രാപിക്കുന്നു"* എന്നും *"ശാന്തത്തെ വിവരിച്ചുകൊണ്ട് നാട്യസാഹിത്യങ്ങളുടെ പരമപ്രയോജനം വ്യക്തമാക്കുകയാണ് ഭരതമുനി ചെയ്തിരിക്കുന്നത്"* എന്നും സിദ്ധാന്തിച്ചു.[6]

അഭിനവഗുപ്തന്റെ ഗുരുവായ ഭട്ടതോതൻ കാവ്യകൌതുകത്തിൽ ഏറ്റവും മുഖ്യരസമായി ശാന്തത്തെ സ്വീകരിച്ചതായി കാണുന്നു" (കൃതി ലഭ്യമല്ല).

അഭിനവഗുപ്താചാര്യൻ ലോചനം, അഭിനവഭാരതി, കാവ്യകൌതുകവ്യാഖ്യ (നഷ്ടം) എന്നിങ്ങനെ തന്റെ മൂന്നു സാഹിത്യ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

ശാസ്ത്രഗ്രന്ഥങ്ങളിലും വിസ്തരിച്ചുള്ള പക്ഷ-പൂർവപക്ഷ വിവേചനത്തോടെ ഏറ്റവും മികച്ചതായി ശാന്തരസത്തെ സ്വീകരിച്ചു.

തുടർന്നു കുന്തകൻ രാമായണരസം ശാന്തമെന്നു സ്ഥാപിക്കുന്നു. ക്ഷേമേന്ദ്രൻ ഇതിഹാസങ്ങൾ രണ്ടിലും ആധികാരികരസം ശാന്തം തന്നെയെന്നും കരുണത്തിനു വേണ്ടിയുള്ള ആനന്ദവർധനന്റെ വാദങ്ങൾ തന്നെ ശാന്തത്തിനും യോജിക്കുന്നു എന്നും പറയുന്നു. ഭോജരാജൻ നാട്യത്തിലും ശാന്തത്തെ സ്വീകരിക്കുന്നു.

ഇപ്രകാരം നൂറ്റാണ്ടുകളുടെ സംവാദയാത്രയ്ക്കൊടുവിൽ ശാന്തം ആധികാരികരസമായി. പക്ഷേ, അഭിനയപ്രധാനമായ നാടകത്തിൽ ശാന്തം പ്രാസംഗികരസമേ ആവൂ, കാവ്യത്തിൽ മാത്രമേ അതിന് ആധികാരികപദവി ഉണ്ടാവൂ എന്നായി ഏറെക്കാലം പരക്കെ നിലപാട്. ഒടുവിൽ നാടകത്തിലും ആധികാരികരസപദവി കൈവന്നു. എന്നല്ല രസങ്ങളുടെയും രസമാണു ശാന്തം എന്നും അത് എല്ലാ രസങ്ങളെയും ഉൾച്ചേർക്കുന്നതാണെന്നും സ്ഥിരീകരിക്കപ്പെട്ടു.

ശാന്തം രസമാണ് എന്നു തീർപ്പായിട്ടും കാവ്യത്തിലും നാടകത്തിലും ഒരു പോലെ അതിനെ സ്വീകരിക്കാൻ പല ആചാര്യന്മാരും തയ്യാറായില്ല. അതിന്റെ സ്ഥായിഭാവം ഏതെന്നിടത്താണ് വിവാദം തുടരുന്നത്. ഉത്സാഹം, ശമം, നിർവേദം ഇവയാണു ശാന്തത്തിനു പില്ക്കാലത്തു നിർദേശിച്ചിട്ടുള്ള സ്ഥായികൾ. അവയിൽ ഉത്സാഹം വീരസ്ഥായിയാണ്. ആചാര്യ മമ്മടൻ, വിശ്വനാഥ കവിരാജൻ, ജഗന്നാഥപണ്ഡിതരാജൻ തുടങ്ങിയ പ്രസിദ്ധരൊക്കെ നിർവേദവും ശമവും സമാനാർഥകമാണെന്നും അവ മിക്കവാറും സന്ന്യാസിഭാവമാണെന്നും കാണുന്നവരാണ്. എന്നാൽ, ശമം എന്നൊരു ഭാവം ഭരതമുനിയുടെ 49 ഭാവങ്ങളിലില്ല. മാനുഷികവ്യാപാരങ്ങൾ മിക്കതും അടങ്ങി നിൽക്കുന്നതിനാൽ ശമഭാവം അഭിനയിക്കാനാവില്ല. നാടകം അഭിനയാത്മകമാണ്. അതിനാൽ നാടകത്തിൽ ശാന്തം വരില്ല, വന്നാലും ശമത്തിനു സ്ഥായിത്വമില്ല എന്നാണ് ദശരൂപകാരന്റെ പക്ഷം പിന്തുടരുന്ന അനേകരുടെ വിചാരം.

ഇവിടെ രസവിവേകകാരൻ ഇങ്ങനെ പറയുന്നു: "ഞങ്ങളാകട്ടെ തത്ത്വജ്ഞാനത്തിൽ നിന്നും ജനിക്കുന്ന നിർവേദത്തെ സ്ഥായി



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

ഭാവമായി സ്വീകരിച്ച് അതിന്റെ രസമായി ശാന്തത്തെ പറയുന്നു. കശ്മീരാധിപതി (അനന്തരാജനോ ഹർഷനോ ആവണം) പറഞ്ഞിട്ടുമുണ്ട്: വ്യഭിചാരീഭാവമായ നിർവേദത്തിനും സ്ഥായിത്വമുണ്ടെന്നു സ്ഥാപിക്കാനാണ് പ്രായേണ അമംഗളമായി കണക്കാക്കാറുള്ള നിർവേദത്തെ സഞ്ചാരീഭാവഗണത്തിൽ ഒന്നാമതായി ഭരതൻ സ്വീകരിച്ചിട്ടുള്ളത്. അങ്ങനെ നിർവേദം സ്ഥായിഭാവമാണ്, അതിന്റെ രസമായ ശാന്തം ഒമ്പതാമത്തെ രസവും.'' എന്ന്.

തത്ത്വജ്ഞാനമുള്ളവർക്ക് ഏതെങ്കിലും നിമിത്തത്താൽ നിർവേദം സ്ഥായിയാവുന്നു. അവർക്കാണ് ശാന്തരസവും മറ്റും, എല്ലാവർക്കുമല്ല. അപ്പോൾ സംശയമുണ്ടാവുന്നു – സ്വാദം അഥവാ സ്വാദ്യമാണു രസം. എങ്കിൽ മനസ്സിന്റെ ഏതവസ്ഥയിലാണ് ശാന്തം അനുഭവപ്പെടുക? രസദർശനമനുസരിച്ച് വിക്ഷോഭം (disturbance/shake), വിക്ഷേപം (throwing/propelling), വികാസം (development/up-growth), വിസ്താരം (expansion/revelation) ഇങ്ങനെ നാലുതരത്തിലടങ്ങുന്നു മനോനില (ചിത്തവൃത്തി). ജ്യോതീരൂപമായ മനസ്സിൽ പ്രകാശച്ഛായാരൂപത്തിൽ യഥാക്രമം ബീഭത്സം-ഭയാനകം, രൗദ്രം-കരുണം, ശൃംഗാരം-ഹാസ്യം, വീരം-അദ്ഭുതം എന്നിങ്ങനെ വെയിലും നിഴലും പോലെ എട്ടു രസങ്ങൾ ഉദയം കൊള്ളുന്നു. വിക്ഷോഭം തുടങ്ങിയ നാലു മനോനിലകളിൽ ഏതിനോടു ബന്ധപ്പെടുന്നു ശാന്തം?

രസവിവേകകാരൻ ഇങ്ങനെ മറുപടി നല്കുന്നു: ''ഭാവകന്റെ ചിത്തം രാഗദ്വേഷം നിറഞ്ഞിരിക്കെ ഇതരരസങ്ങളെപ്പോലെ ശാന്തം ഉദയം ചെയ്യില്ല എന്നതു സത്യം. എങ്കിലും ശാന്തരസാത്മകവും ശാന്തരസോപായഭൂതവുമായ കരുണ, മുദിതം, ഉപേക്ഷ ഇവയെ കാവ്യഗോചരമാക്കി ഏകത്ര നിബന്ധിക്കുന്ന വഴിക്ക് അവയ്ക്ക് ആസ്വാദ്യത കൈവരും. ആ സ്വാദം നിർവേദപ്രതിബിംബമായ മനസ്സിൽ ശാന്തരസത്തെ നിറയ്ക്കും. ആ നിലയ്ക്ക് വികാസം തുടങ്ങിയ മനസ്സിന്റെ അവസ്ഥാഭേദങ്ങൾ നാലും ശാന്തരസാസ്വാദത്തിന് ആവുംപോലെ കൂട്ടുനില്ക്കുന്നതു കാണാം. നാഗാനന്ദം തുടങ്ങിയ നാടകങ്ങളെ നോക്കുമ്പോൾ ശാന്തവും നാട്യത്തിൽ വരുന്നതായി കാണാം. ആയതിനാൽ ഞങ്ങളുടെ പക്ഷം ഇതാണ്: ശാന്തം രസമാണ്, അതിനു കാവ്യത്തിലും നാട്യത്തിലും ഇടമുണ്ട്;



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN,
o=Personal,
email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal
Kumar M G

*എന്നാൽ, ഇതരരസങ്ങളെപ്പോലെ അഭിനയസാധ്യത കുറഞ്ഞ ശാന്തത്തിനു നാട്യത്തിൽ സാധാരണയായി പരിപോഷമുണ്ടാവുന്നില്ല."*

അന്യരസങ്ങളിലെന്ന പോലെ വിഭാവാദികൾ ശാന്തരസത്തിലില്ല. കാരണം, ശമഭാവത്തിൽ കരണങ്ങൾ വിധേയമാകുന്ന നിർവൃതിയാണു ശാന്തി. കരണങ്ങളുപയോഗിക്കുന്ന നടന് ശമം കൊണ്ടുളവാകുന്ന ശാന്തരസം ഗമ്യമല്ല. നിർവേദം സ്ഥായിഭാവമായി ശാന്തമെന്ന് ഒമ്പതാമത്തെ രസമുണ്ടെന്നു സ്ഥാപിക്കുന്ന വിപ്രദാസൻ പറയുന്നു, "*ഈ നിലപാട് ഉചിതമല്ല. ശുകൻ, ബുദ്ധൻ ഇത്യാദി താപസരുടെ നാസാഗ്രദൃഷ്ടി, യോഗമുദ്ര, നയനനിമീലനം തുടങ്ങിയ ശാന്തരസത്തിന്റെ വിഭാവാനുഭാവങ്ങൾ നാട്യത്തിലും സാധിക്കുന്നു. പാത്രമാത്രമായ നടൻ രസത്തിന്റെ ഭാവകൻ (നിർദേശകൻ) മാത്രമാണ്. സാമാജികനാണ് രസത്തെ ധാരണം ചെയ്യുന്നത്. സാമാജികനാകട്ടെ ആ രസം സ്വാത്മൈകഗോചരമാണ് (രസാനുഭവദശയിൽ മറ്റാരുടെയും സഹായം വേണ്ട). മാനസിക നിലകളിൽ നിർവേദത്തിനു സ്ഥായിത്വവും വ്യഭിചാരിത്വവുമുണ്ട്. തത്ത്വജ്ഞാനത്തിലുദയം ചെയ്യുന്ന നിർവേദം അഭീഷ്ടമായ സ്ഥായിഭാവമാണ്."*

ഇതരരസങ്ങളെ അപേക്ഷിച്ച് ശാന്തരസത്തിന് അഭിനേയത അസ്സാധ്യമോ ദുസ്സാധ്യമോ ആയാലും അതിസൂക്ഷ്മവിഷയങ്ങളും അസാധാരണമനോനിലകളും  ഒക്കെ ശബ്ദഗോചരവും തദ്വാരാ മനോഗോചരവും ആവുമെന്നതു കൊണ്ട് ശാന്തരസം കാവ്യത്തിൽ, സാഹിത്യത്തിൽ, സുസ്സാധ്യമാവുന്നു. *കാവ്യേ നവരസാഃ സ്മൃതാഃ* – കാവ്യത്തിൽ ഒമ്പതു രസങ്ങൾ എന്നതാണു സിദ്ധാന്തം.

ചവയ്ക്കൽ ചർവണയാണ്, ആസ്വദിച്ചു കഴിക്കൽ, രസിക്കൽ. (ചർവ, ചവ, ചബ്, chew – യഥാക്രമം സംസ്കൃതം, തമിഴ്-മലയാളം, ഹിന്ദി, ഇംഗ്ലീഷ്). രസം ആസ്വദിക്കുന്നു എന്നു പറയുന്നത് ഔപചാരികമെന്നേ കരുതേണ്ടൂ. കാരണം, ആസ്വാദനം തന്നെയാണ്, അതിൽനിന്നും ഭിന്നമല്ല, രസം. ആചാര്യമമ്മടൻ കാവ്യപ്രകാശമെന്ന തന്റെ ലക്ഷണഗ്രന്ഥത്തിൽ രസത്തെ "*ചർവ്യമാണതൈകപ്രാണഃ*" എന്നു വിശേഷിപ്പിച്ചു. 'ചർവ്യമാ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

ണതാ ഏവ ഏകഃ പ്രാണോ യസ്യ സഃ' എന്നു ബഹുവ്രീഹിസമാസം. ചവച്ചു കഴിക്കാനുള്ള യോഗ്യത (chewability) ഉള്ളതായിരിക്കൽ മാത്രം ഏതൊന്നിനു ജീവനാകുന്നുവോ അതു രസം. അപ്പോൾ, ഭരതന്റെ രസസൂത്രമനുസരിച്ച് വിഭാവാനുഭാവ സഞ്ചാരിഭാവങ്ങൾക്ക് എത്ര കാലം ആസ്വാദ്യത നിലനിർത്താനാവുമോ അത്രകാലം രസാനുഭൂതിയും നിലക്കൊള്ളും. അതുകൊണ്ടുതന്നെയാണ് സാഹിത്യശാസ്ത്രം രസത്തെ 'വിഭാവാദിജീവിതാവധി'യെന്നു വിശേഷിപ്പിക്കുന്നത്. കാവ്യത്തിലെ വിഭാവാദികൾ ജീവിക്കുന്നിടത്തോളം ജീവിക്കുന്നത് എന്നർഥം.

ഇവിടെയാണ് പണ്ഡിതവരേണ്യനായ സി. എസ് സുബ്രഹ്മണ്യൻ പോറ്റി (1939) പറഞ്ഞ വാക്കുകൾ ഉയിർത്തെഴുന്നേല്ക്കുന്നത്: "*ഒരു ഖണ്ഡകൃതിയെങ്കിലും അഖണ്ഡമാഹാത്മ്യമുള്ളതാണു വീണപൂവ്. ധര കല്പാന്തതോയത്തിൽ കുളിക്കുമ്പോഴും തൊടുകുറി മാഞ്ഞു പോകാൻ സമ്മതിക്കില്ല, നിശ്ചയം.*" എന്ന്. എല്ലാ മനോനിലകൾക്കും പൊതുവായുള്ളതും വിവേകമുള്ളപ്പോൾ സാധാരണക്കാരനും പ്രബുദ്ധനും ഒരു പോലെ ആന്തരാനന്ദമായി തുടി കൊള്ളുന്നതുമായ നിർവേദത്തിന്റെ തർക്കബാധയൊഴിഞ്ഞ സത്യസ്വരൂപത്തെ ആവിഷ്കരിച്ച് അത്യുത്തമമായ ശാന്തരസസ്ഫൂർത്തിയിലേക്ക് അനുവാചകനെ നയിക്കുക എന്ന അസാധാരണവും ലോകോത്തരചമത്കാരകാരിയുമായ കവികർമമാണു കുമാരനാശാൻ വീണപൂവിൽ നിർവഹിച്ചത്.

ആനന്ദവർധനനു കൂടി കരുണത്തെയും ശാന്തത്തെയും വേർതിരിക്കുന്നിടത്തു ഭ്രമമുണ്ടായതായി ഭട്ടനായകന്റെയും കുന്തകന്റെയും ക്ഷേമേന്ദ്രന്റെയും മറ്റും വിശകലനങ്ങളിൽ നാം കണ്ടു. അതേ ഭ്രമമാണ് വള്ളത്തോളിനെയും മറ്റനേകരെയും വശം കെടുത്തിയത്. ഇതരദർശനങ്ങളിലുള്ള വ്യുത്പത്തിബലത്താൽ ഭാരതീയസാഹിത്യദർശനം ആഴത്തിലറിഞ്ഞ വീണപൂവിന്റെ കവിക്ക് ദിഗ്ഭ്രമമോ മാർഗഭ്രംശമോ തെല്ലുമുണ്ടായില്ല. ആഴമറിയാതെ കയത്തിലാളുന്ന നിരൂപകർ ആശാൻകവിതയിൽ കരുതിക്കളിക്കുക.

**വീണപൂവിന്റെ മലയാളിവായനകൾ**



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN,
o=Personal,
email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal
Kumar M G

ജന്മിത്തത്തിനും രാജവാഴ്ച്ചയ്ക്കുമെതിരായ ആദ്യത്തെ ചരിത്ര

"ജന്മിത്തത്തിനും രാജവാഴ്ച്ചയ്ക്കുമെതിരായ ആദ്യത്തെ ചരിത്ര കാവ്യമാണ് വീണപൂവ്. രാജാവു വണ്ടായും രാജ്ഞി പൂവായും പ്രത്യക്ഷപ്പെടുകയാണ് വീണപൂവിൽ" – തനിക്കു കാര്യം പിടി കിട്ടി യില്ല എന്നു സമ്മതിക്കുവാൻ തയ്യാറാകാത്തവർക്ക് ഇങ്ങനെ യൊക്കെ തട്ടി മൂളിച്ചു കാലം കഴിക്കാം. 'ദാർശനികദൃഷ്ടി'യിൽ വീണപൂവിനെ നോക്കിക്കാണുന്ന ഒരാളുടെ അഭിപ്രായങ്ങൾ" നോക്കുക – "ആശാനാകട്ടെ, പാരമ്പര്യത്തിൽനിന്ന് കാര്യമായി ഒന്നും തന്നെ സ്വീകരിക്കുന്നില്ല. ഉപനിഷത്തോ ദർശനങ്ങളോ കവിതയിൽ കടന്നു വരുന്നത് ചിന്താപരമായ സാധ്യതകളുടെ ഭാഗമായിട്ടാണ്." (പു.23)... "ഭാരതീയസംസ്കാരത്തെയോ ദർശന ത്തെയോ അതേപടി ആശാൻ പിന്തുടർന്നിട്ടില്ല." (പു. 24) ഇങ്ങനെ നിരങ്കുശം പറഞ്ഞു വന്നയാൾ പിന്നീട് "ഇവിടെ വീണപൂവ് ഉപനിഷത്തായിത്തീരുന്നു" (പു. 67) എന്നു സ്വയം തിരുത്തുകയും ചെയ്തിട്ടുണ്ട്.

മറ്റൊരിടത്തു കാണുന്നു" – "ഒരു മഹാവിച്ഛിത്തിയുടെ തിള ങ്ങുന്ന ചിഹ്നമാണു വീണപൂവ്. സ്തോത്രകാരന്റെ സ്വത്വത്തിൽ നിന്ന് ആശാന്റെ സംഘർഷഭരിതമായ മനസ്സ് ഗാഢമായി ആഗ്രഹിച്ചു നേടിയ മോചനമായിരുന്നു അത്. സന്ന്യാസിയിൽ നിന്നും മനുഷ്യനിലേക്കുള്ള ദൂരമാണ് സ്തോത്രകൃതികളിൽനിന്നു വീണപൂവിലേക്കുള്ളത്."

സന്ന്യാസിയിൽനിന്നും മനുഷ്യനിലേക്ക് അളക്കാനാവുന്ന ഒരു ദൂരമോ അതിനൊരളവുകോലോ ഉള്ളതായറിയില്ല. എന്തായാലും, ഋഷിയേ കവിയാകൂ എന്ന പോലെ നാം കണ്ടറിഞ്ഞ നിലയിലുള്ള നിർവേദത്തിനല്ലാതെ മറ്റൊരു ഭാവത്തിനും സമ്പൂർണദർശനത്തിനു കൂട്ടിരിക്കാനാവില്ല. ദുഃഖിതനായ മനുഷ്യനിൽനിന്നും നിർബന്ധനായ സന്ന്യാസിയിലേക്കുള്ള, ശരിക്കും സമദർശിയായ മഹാമാനവനി ലേക്കുള്ള, വളർച്ചയും കുടിയേറ്റവുമാണ് വീണപൂവിന്റെ സാക്ഷാൽ പ്രമേയം. വേഷത്തിന്റെ പേരല്ലിവിടെ സന്ന്യാസം. ശ്രദ്ധിക്കണം, ജീവിതാവസ്ഥകളുടെ സമഗ്രചിത്രണം എന്ന നിലയില്ല വീണപൂവിൽ. പൂവിന്റെ ബാല്യം മുതൽ യൌവ്വനം വരെയുള്ള ചിത്രീകരണം. വാർധക്യം വർണിക്കുന്നില്ല; വാർധക്യോചിതമായ നിലയിൽ സന്ന്യാസവും അതുകൊണ്ടു തന്നെ ഇവിടെ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

വർണ്യമാവില്ല. ആശാന്റെ മറ്റെല്ലാ കൃതികളിലും ഇതേ പ്രവണത ദൃശ്യമാണ്. 'ഹാ ഗുണികളൂഴിയിൽ നീണ്ടു വാഴാ' എന്നു പറഞ്ഞിട്ട് അവരൊക്കെ തീവ്രവേഗത്തിൽ മോക്ഷത്തിലേക്കു പോവുകയാണ് എന്ന് വീണപൂവിനെ, ജീവനെ, ഓർമപ്പെടുത്തുകയാണ്. വാർധക്യവും മരണവുമല്ല വാസ്തവം; വീണ്ടും ജനിക്കാനുള്ള സാധ്യതയും ആശാൻ അടിവരയിടുന്നു – *സാധിച്ചു വേഗമഥവാ നിജജന്മകൃത്യം സാധിഷ്ഠർ പോട്ടിഹ സദാ നിശി പാന്ഥപാദം ബാധിച്ചു രൂക്ഷശില വാഴ്‌വതിൽനിന്നു മേഘജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം? (31)* ....

*ഖേദിക്കകൊണ്ടു ഫലമില്ല, നമുക്കതല്ല മോദത്തിനും ഭുവി വിപത്തു വരാം ചിലപ്പോൾ*

*ചൈതന്യവും ജഡവുമായ് കലരാം ജഗത്തിലെതെങ്കിലും വടിവിലീശ്വരവൈഭവത്താൽ (36)*

ഇപ്രകാരം, ആശാൻ നേടിയ ദർശനസംസ്കാരത്തിന്റെ ഉള്ളറയിലേക്കാണ് നമുക്കെത്തേണ്ടത് എന്നു സൂചിപ്പിക്കയേ ഇപ്പോൾ നിർവാഹമുള്ളൂ. നമുക്കിടയിൽ ദാർശനികർ കുറവല്ലെങ്കിലും ആശാന്റെ വീണപൂവിലെത്തുംവണ്ണം ദാർശനികദൃഷ്ടി പൂർണമായിട്ടില്ല എന്നു തന്നെയാണ് പറയേണ്ടത്. എന്നാൽ, സാഹിത്യദർശനത്തിന്റെ ദൃഷ്ടി 1960-ൽ തന്നെ സ്ഥിരപ്പെട്ടതാണ്. സാഹിത്യദർശനത്തിന്റെ ദൃഷ്ടിയിൽ വീണപൂവിന്റെ ആദ്യത്തെ സമഗ്രപഠനമായി 1960-ൽ പുറത്തു വന്ന ഡോ. കെ എം ഡാനിയേലിന്റെ 'വീണപൂവു കൺമുമ്പിൽ' എന്ന കൃതിയാണ് ഇന്നും ആ നിലയിലുള്ളത്. അത് അവസരോചിതമായി കേരള സാഹിത്യ അക്കാദമി 2012-ൽ പുനഃപ്രകാശനം ചെയ്തിട്ടുണ്ട്. നിർവേദം സ്ഥായിഭാവവും ശാന്തം രസവും എന്നാണ് അദ്ദേഹം സ്ഥാപിച്ചത്. ആ അഭിപ്രായത്തെ ഖണ്ഡിച്ച് ശോകവും കരുണവുമാണ് അതിലെ ഭാവരസങ്ങൾ എന്ന നിർദേശം പ്രൊഫ. എ ബാലകൃഷ്ണവാര്യർ (1984, എൻബിഎസ്) മുന്നോട്ടു വച്ചു. "*എന്തെങ്കിലുമൊന്ന് നശ്വരമാണെന്ന് വാച്യാർഥം കൊണ്ടു പറഞ്ഞാൽ പോരാ, ആ പറയുന്ന രീതി നശ്വരമായ ആ പദാർഥത്തോടു വൈരാഗ്യം വ്യഞ്ജിക്കുന്ന ഭാവത്തിലാവുകയും വേണം. എന്നാലേ അതു നിർവേദമാകൂ. വീണപൂവിൽ അത്തരമൊരു ഭാവത്തിനു പ്രാധാന്യം സിദ്ധിച്ചിട്ടില്ലെന്നു തന്നെയല്ല, കവിയുടെ മനോഭാവവും അതിൽനിന്നും വ്യത്യസ്ത*



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

*മാണ്''* – ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ വിപ്രതിപത്തി.

*'ശ്രീഭൂവിലസ്ഥിര'* (1) എന്നതാണ് വീണപൂവിലെ മഹാവാക്യം. അതുതന്നെ നിർവേദവ്യഞ്ജകമാണ്. പക്ഷേ, ശ്രീ അസ്ഥിരമെന്നല്ല, ശ്രീ ഭൂവിൽ അസ്ഥിരമാണെന്നാണ് വാക്യാർഥം. ശ്രീ അസ്ഥിരമല്ലാത്ത വേറെ ഇടങ്ങളുണ്ട് എന്ന അർഥാപത്തിയാണ് പിന്നീട് കാവ്യത്തിന്റെ അന്തർദർശനമായി വളർന്നു രസധ്വനിയാവുന്നത്. മനുഷ്യന്റെ ജീവിതദർശനത്തിനു പ്രത്യക്ഷവും അനുമാനവും പൂർണപ്രമാണമാവുന്നില്ല, ത്രികാലബാധ നിമിത്തം. ആയതിനാൽ, മൂന്നു കാലത്തും അബാധിതമായി പ്രവർത്തിക്കുന്ന ശബ്ദപ്രമാണം മാത്രമാണ് മേൽപ്പറഞ്ഞ അർഥാപത്തിയുടെ കൈവിളക്ക്- 'കൽപിച്ചിടുന്നിവിടെയിങ്ങനെ ആഗമങ്ങൾ' (35), 'ആശാഭരം ശ്രുതിയിൽ വയ്ക്കുക നമ്മൾ' (40).

*'ഉപക്രമോപസംഹാരൌ മിലിത്വാ ഏകം ലിംഗം'* – ഉപക്രമവും ഉപസംഹാരവും ചേർന്നാണ് ഒരു കൃതിയുടെ താത്പര്യത്തെ നിർണയിക്കുന്നതിൽ തെളിവാകുന്നത്. *'ശ്രീഭൂവിലസ്ഥിര'* (1) എന്ന കാവ്യമർമവാക്യത്തിന്റെ ദാർശനികമായ അർഥം 39-ാമത്തെ ശ്ലോകത്തിലാണ് സ്ഫുടമാകുന്നത് –*''സകലസംഗമവും കടന്നു ചെല്ലാം നിനക്കു തമസഃ പരമാം പദത്തിൽ''*. ഭൂവ് ആത്മാവിന്റെ സ്ഥിരം സങ്കേതമല്ല. മാത്രമല്ല, പൂവിന്റെ പോലെ, ജീവാത്മാവിന്റെ പതന സ്ഥാനമാണു ഭൂവ്. രാഗമുള്ളപ്പോൾ ഭൂവിൽ ദുഃഖജന്മം; രാഗമൊഴിയുമ്പോൾ ജന്മമുക്തി, ദുഃഖവിമോചനം. അതുകൊണ്ടാണു പൂവിന്റെ ശ്രീ ഭൂവിൽ അസ്ഥിരമാകുന്നത്. ആത്മാവ് സ്ഥിരമാണു താനും "ദേഹി വീണ്ടും ഉത്പത്തികർമ്മഗതി പോലെ വരും ജഗത്തിൽ". ജീവൻ ഭൂമിയിൽ പതിച്ചിരിക്കുന്നത് സ്വർഗമെന്ന പുണ്യലോകവും നാകമെന്ന മോക്ഷപദവും നേടുവാനാണ്. അതുകൊണ്ടുതന്നെ, ശോകാദിഭാവങ്ങൾക്ക് പ്രദീപനം വേണ്ട എന്നതിലേക്കുള്ള നിർദേശമാണ് – *''ക്ലേശിപ്പതാത്മപരിപീഡനമജ്ഞതയോഗ്യം''* എന്നത്. പൂവിനും ഭൂവിനും (പതിതാത്മാവിനും ജഗത്തിനും) ഇടയിലുള്ള ഭാവബന്ധങ്ങളെ ദ്യോതിപ്പിക്കാൻ 'ഹാ, പുഷ്പമേ' എന്നു തുടങ്ങി 'ഹാ ശാന്തിയൌപനിഷദോക്തികൾ' വരെ ശോകനിർവേദങ്ങളെ ഒരുപോലെ ഉണർത്താനാവുന്ന 'ഹാ' ശബ്ദം ആറു തവണ കണിശതയോടെ നിബന്ധിച്ചിരിക്കുന്നു. ഒപ്പം 'പൂ'വിന്റെ ഖരതയും 'ഭൂ'വിന്റെ ഘോഷത്വവും പുറമേയ്ക്കു മാത്രം



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN,
o=Personal,
email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal
Kumar M G

പൂവിന്റെ നിസ്സാരതയും ഭൂവിന്റെ പൊലിമയും തത്കാലത്തേക്കു സൂചിപ്പിക്കുന്ന പകാരവും ഭകാരവും വർണവക്രതാഭംഗികളായി വസ്തുധ്വനിയുടെ നവലോകം തുറക്കുകയായി. തുടർന്ന്, കാവ്യഗതിയുടെ നാടകീയവ്യതിയാനത്തിൽ പൂവ് (ജീവാത്മാവ്) നിത്യസത്യവും ഭൂവ് (അവനിവാഴ്‌വ്) കിനാവും ആയി പരിശേഷിക്കുന്നതു കാണാം.

നേരത്തെ നാം തിരിച്ചറിഞ്ഞ പോലെ ആനന്ദവർധനനും കുന്തകനും വള്ളത്തോളും ആശാനും ഒക്കെ ശോകനിർവേദങ്ങളുടെ സ്വരൂപത്തെ സംബന്ധിച്ചു പുലർത്തിയ ധാരണകളുടെ വൈപരീത്യം തന്നെയാണ് വീണപൂവിന്റെ രസവിചാരത്തിൽ ഡാനിയേലിനെയും ബാലകൃഷ്ണവാര്യരെയും രണ്ടു തട്ടിലാക്കിയത്. കുന്തകൻ, കുമാരനാശാൻ, കെ എം ഡാനിയേൽ എന്നിവരുടെ വിചാരപദ്ധതിയെയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. അതനുസരിച്ച് ശോകവും കരുണവും രാമായണഭാരതങ്ങളെപ്പോലെതന്നെ വീണപൂവിന്റെയും മുഖ്യാംശമല്ല. സാധാരണവ്യവഹാരത്തിൽ തെറ്റിദ്ധരിച്ചു വരുന്ന നിർവേദവും ശാന്തവും വീണപൂവിനു ചേരുന്നുമില്ല. ആയതിനാൽ, നിർവേദം, ശാന്തം എന്നിവയുടെ സാധാരണനിർവചനത്തെ സാഹിത്യദർശനത്തിന്റെ നിഷ്കർഷയിൽ പുതുക്കുകയാണ് ഈ ലേഖനത്തിൽ ചുരുക്കത്തിൽ ചെയ്തിട്ടുള്ളത്.

കേരളസർവകലാശാല 1975-ൽ പുറത്തിറക്കിയ ആശാന്റെ തിരഞ്ഞെടുത്ത രചനകളുടെ ഇംഗ്ലീഷ് വിവർത്തനത്തിൽനിന്നും വീണപൂവിനെ വിലയിരുത്തിക്കൊണ്ട് ഡോ. ഏ എൻ റെയ്ന എഴുതിയത്[19] സ്വന്തം രചനകളെപ്പറ്റി ആശാൻ ചെയ്ത ആ പ്രവചനം ഫലിക്കുന്നതിലേക്കു വിരൽ ചൂണ്ടുന്നതോടൊപ്പം ആശാനെ വിലയിരുത്തുന്നതിൽ കേരളീയർ പൊതുവെ കാണിച്ചിട്ടുള്ള അവൈദഗ്ധ്യത്തെ പരിഹരിക്കുകയും ചെയ്യുന്നു – *"പാരമ്പര്യവും വിപ്ലവവും കുമാരനാശാന്റെ കവിതയിൽ തോളോടു തോളു ചേരുന്നു..... അതിവിരളമായ ഒരു തലത്തിലുള്ള കാവ്യസംവേദനക്ഷമതയാൽ അനുഗൃഹീതനായിരുന്ന കുമാരനാശാൻ വസ്തുക്കളുടെ ഭൗതികവും അതിഭൗതികവുമായ രണ്ടു വശങ്ങളെയും സംയോജിപ്പിച്ച് ജീവിതത്തിന്റെ സമഗ്രവീക്ഷണമാർജിക്കുവാൻ ശ്രമിച്ചു. നശ്വരവും ശാശ്വതവും ഒരുമിച്ചു തീർക്കുന്ന*



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

സംഘർഷങ്ങളിൽ തകർന്നു വിതുമ്പുന്ന മനുഷ്യാവസ്ഥയെക്കുറിച്ച് ആഴത്തിലുള്ള അവബോധം അദ്ദേഹം കവിതയിലേക്കു കൊണ്ടുവന്നു.''

ഒരു മഹാകൃതിയുടെ ലഘുവായ ഈ അവലോകനത്തിന് ഇവിടെ വിരാമമാവുകയാണ്. വീണപൂവിലെ ദർശനം വൈദികമാണ്, കേവലം വേദാന്തമോ അദ്വൈതമോ അല്ല. ഭാവം സമൃഗ്ദർശനസ്ഥായിയായ നിർവേദമാണ്. രസം അന്യരസാശ്രയമായ നിലയിൽ ശാന്തമാണ് – ഇതാണിവിടെ തെളിയുന്ന കാഴ്ച്ചകൾ.

വീണപൂവിനെ വിലാപകാവ്യവും ആശാനെ കരുണകവിയും ആംഗലപ്രമേയബുദ്ധിയും ഒക്കെയാക്കി മിക്കവരും താന്താങ്ങളുടെ ജോലി തീർത്തുവെങ്കിലും കൈരളിയുടെ സങ്കടം തീരുന്നില്ല. ഈയിടെ അന്തരിച്ച ഡോ. പുതുശ്ശേരി രാമചന്ദ്രൻ'' കുറിച്ചതു പോലെ – ആശാനെന്ന കവി ജനിച്ച സ്ഥലത്തും ജീവിച്ച സ്ഥലത്തും മരിച്ച സ്ഥലത്തും സ്മാരകങ്ങളുണ്ട്, അവിടേയ്ക്കെല്ലാം നല്ല വഴികളുമുണ്ട്. ആശാൻകവിതയിലേക്കുള്ള വഴി ഇന്നോളമാരും സുഗമമാക്കിയിട്ടില്ല.... (ആശാൻകവിതയുടെ തുടക്കമായ) വീണപൂവു വായിച്ചവരാരും തന്നെ കവിയുടെ രചനാലക്ഷ്യം മനസ്സിലാക്കിയിട്ടില്ല.... ഇതു സങ്കടം മാത്രമല്ല, വലിയ നാണക്കേടും ഗതികേടുമാണ്. അനാദിനിധനമായ സംസ്കൃതവാങ്മയ പ്രവാഹത്തിലെ മഹിതോദാരങ്ങളായ ദർശനസാഹിത്യദർശനവിഭവങ്ങളെ മോക്ഷബുദ്ധ്യാ അനുസന്ധാനം ചെയ്കയും അവയെ കാലോചിതമായി കൈരളീകുല്യയിലൂടെ ഒഴുക്കിയിറക്കുകയുമായിരുന്നു ആശാൻപ്രതിഭയുടെ അതുലകവികർമം. ആശാൻസാഹിതിയെ, അതിന്റെ ബാലലീലാങ്കുരമായ വീണപൂവിനെപ്പോലും, ചൂഴ്ന്നു നില്ക്കുന്ന അനാവൃതവിസ്മയത്തെ – രസപരിപാകവും ദർശനദീപ്തിയും അപൂർവമായി മേളിച്ച വാസന്തലാവണ്യത്തെ – പാഠകർക്ക് അഭിഗമ്യമാക്കുവാൻ നമുക്കീവഴിയെ ഇനി പോകാം.

അനുഭാവവിഭാവാനാം വർണനാ കാവ്യമുച്യതേ
തേഷാമേവ പ്രയോഗസ്തു നാട്യം ഗീതാദിരഞ്ജിതം
(മഹിമഭട്ടൻ വ്യക്തിവിവേകത്തിൽ ഉദ്ധരിച്ചിട്ടുള്ള പ്രാചീനകാരിക)



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

## അടിക്കുറിപ്പുകൾ

1. വീണപൂവു കൺമുമ്പിൽ, 1960 എന്ന പഠനത്തിൽ ഡോ. കെ എം ഡാനിയൽ ശാന്തരസമാണെന്നു നിർദേശിക്കുന്നുണ്ട്. പക്ഷേ, പ്രൊഫ. എ ബാലകൃഷ്ണവാരിയരും (എൻ ബി എസ്, 1984) മറ്റും ആ നിരീക്ഷണത്തെ തള്ളി കരുണമാണെന്നു വാദിച്ചു.
2. ദുർവാരം ദ്വാദശാരം ത്രിശതപരിമിലത്ഷഷ്ഠിപർവാഭിവീതം (നാരായണീയം, 98.11)
3. "The acme of the elegiac type of potery came with the composition of 'Oru Vinapoov' (A Fallen Flower) by Kumaran Asan in 1908. It was a symbolic elegy and hence was everyone's elegy"…. "The 'Great Trio' accelerated the process of De-Sanskritization and facilitated Westernization in the texture of Malayalam potery." (K M George, 1998, 118p & 197p)

   "Had he remained a mere Sanskrit scholar, his poems would not have imbibed so much of the Romantic cult." (K M George, 1992)
4. दाम्यत, दत्त, दयध्वम्। शान्तिः शान्तिः शान്തിः। ബൃഹദാരണ്യക ഉപനിഷത്ത് 5.2
5. The Story of Civilization: Our Oriental Heritage (1933-35): 391-2
6. Raymond Schwab, 1984
7. Louis Renou, A History of Sanskrit Language: Swami Tathagatananda, 2010
8. Marie E D Meester, 1915
9. 'നമ്മുടെ വിധുരവിലാപകാവ്യങ്ങൾ', രാജാങ്കണം, കുട്ടിക്കൃഷ്ണമാരാര്
10. ഓർമകളിലെ ആശാൻ, തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകസമിതി, 1973
11. എം എം ബഷീർ, കുമാരനാശാന്റെ രചനാശില്പം, 1988/2017, പു. 90



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

12. ആശാനും ഭാരതീയദർശനങ്ങളും, 1993
13. അതിനു മുമ്പേ 1893- ൽ കോന്നനാത്ത് കുട്ടിപ്പാറുഅമ്മ എഴുതിയ പ്രബോധചന്ദ്രോദയം വിവർത്തനം പ്രസിദ്ധീകരിച്ചിരുന്നു.
14. പ്രതിഭാവ്യുത്പത്തീ മിഥഃ ശ്രേയസീ
15. Dr. V Raghavan, 1970, p.47
16. സ്വം സ്വം നിമിത്തമാസാദ്യ ശാന്താദ് ഭാവഃ പ്രവർത്തതേ ശാന്താദുത്പദ്യതേ രസഃ, പുനർ നിമിത്താപായേ ച ശാന്ത ഏവോപലീയതേ.... ഭരതമുനിനാ പാരമാർഥികം പ്രയോജനമുക്തമ് – ഹൃദയദർപ്പണം
17. "മോക്ഷഫലത്വേന ചായം പരമപുരുഷാർഥനിഷ്ഠത്വാത് സർവരസേഭ്യഃ പ്രധാനതമഃ" – കാവ്യകൌതുകം
18. എം കെ ഹരികുമാർ, 2011.
19. കെ ജയകുമാർ, 2017
20. "Tradition and revolt run side by side in Kumaran's potery...... Endowed with poetic sensibiltiy of a rare order Kumaran Asan attempted to get at a total view of life, combining both the material and the etxramaterial aspects of things and brought into his potery a keen awareness of the human situation beset with conflicts, both ephemeral and eternal." – Indian Literature Vol. 21, No. 5 (September-October 1978)
21. വീണപൂവ് ശതാബ്ദി പതിപ്പ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008)

**സഹായകഗ്രന്ഥസൂചി**

**മലയാളം**


1. എം കെ ഹരികുമാർ, വീണപൂവ് കാവ്യങ്ങൾക്കു മുമ്പേ (അഴീക്കോടിന്റെ അവതാരികയോടെ), എൻബിഎസ്, 2011.
2. ഓർമകളിലെ ആശാൻ, തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകസമിതി, 1973
3. കുട്ടിക്കൃഷ്ണമാരാർ, രാജാങ്കണം, മാരാർസാഹിത്യപ്രകാശം
4. കുമാരനാശാന്റെ സമ്പൂർണകൃതികൾ
5. കെ ജയകുമാർ, ആശാന്റെ വീണപൂവ് – വിത്തും വൃക്ഷവും, ഡിസി ബുക്സ്, 2017
6. ഡോ. എ ഗോപിനാഥൻ, ആശാനും ഭാരതീയദർശനങ്ങളും, ഡിസി ബുക്സ്, 1993
7. ഡോ. എം എം ബഷീർ, കുമാരനാശാന്റെ രചനാശില്പം, മലയാള സർവകലാശാല, 1988/2017, പു. 90




Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G

8. ഡോ. കെ എം ഡാനിയൽ, വീണപൂവു കൺമുമ്പിൽ, 1960
9. പ്രൊഫ. എ ബാലകൃഷ്ണവാരിയർ, വീണപൂവ് (എൻ ബി എസ് പതിപ്പ്), ആമുഖപാഠം, 1984/2010
10. വീണപൂവ് ശതാബ്ദി പതിപ്പ് (വീണപൂവ് – വീഴാത്ത പൂവിന്റെ സമരോത്സുകസഞ്ചാരം), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008

### സംസ്കൃതം

11. ആനന്ദവർധനൻ, ധ്വന്യാലോകം
12. കുന്തകൻ, വക്രോക്തിജീവിതം
13. മഹിമഭട്ടൻ, വ്യക്തിവിവേകം
14. മേല്പ്പുത്തൂർ നാരായണ ഭട്ടതിരി, നാരായണീയം
15. രാജശേഖരകവി, കാവ്യമീമാംസ

### English

16. Dr. V Raghavan, Number of Rasas, Adyar, 1970 (3rd Ed.)
17. Indian Literature Vol. 21, Sahtiya Akademi, New Delhi, 1978
18. K M George, Modern Literature – An Anthology, Sahtiya Akademi, 1992
19. K M George, Western Influence on Malayalam Language and Literature, Sahtiya Academy, New Delhi, 1998
20. Louis Renou, A History of Sanskrit Language (in Abhijnana Sakuntalam "A Wonder Coming From A Land Of Wonders", Sep 7, 2010, An article by Swami Tathagatananda (Profile for Vedanta Socitey of New York)
21. Marie E D Meester, Oriental Influence in the English Literature of the Early Nineteenth Century, Heidelberg, 1915
22. Raymond Schwab, The Oriental Renaissance: Europe's Discovery of India and the East, 1680-1880, New York, 1984
23. Will Durant, The Story of Civilization: Our Oriental Heritage (1933-35)




Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.08 21:03:25 +05'30'
Sanal Kumar M G